# ദി ഡിഫെൻഡർ

Vol. No. 12 Issue No. 8 RNI Reg. No. 68089 / 97 Published From Perumbavoor 2009 April 16 Price: Rs.100/- P.A.

# ഐ.പി.സി ഭരണഘടന തിരുത്താൻ രഹസ്യനീക്കം

ഐ.പി.സി ഭരണഘടനയിൽ തിരുത്തൽ വരുത്താൻ രഹസ്യനീക്കം നടക്കുന്നതായി കുമ്പനാട്ടുനിന്നു ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. സ്ത്രീകൾക്കും വോട്ടവകാശം ലഭിക്കണമെന്നാവശ്യപ്പെട്ട് ഏബ്രഹാം ഷാജി ഐ.പി.സിക്കെതിരെ നൽകിയിട്ടുള്ള കേസ്സിൽ ഏബ്രഹാം ഷാജിക്ക് അനുകൂലമായി വിധിയുണ്ടാകുന്നതു തടയാൻ മറ്റൊരു വഴിയുമില്ലെന്നതാണു സ്ഥിതി.

നിലവിലുള്ള ഭരണഘടനയനുസരിച്ചു സ്ത്രീകൾക്കു കൗൺസിലിലേക്കും മറ്റും തെരഞ്ഞെടുക്കപ്പെടാനാവില്ല. പക്ഷേ സ്ത്രീകൾക്കു വോട്ടവകാശം നിഷേധിക്കുന്ന വകുപ്പുകളൊന്നുമില്ല. അതുകൊണ്ട് കോടതിവിധി ഏബ്രഹാം ഷാജിക്ക് അനുകൂലമാകാൻ ഇടയുണ്ട്. ഇങ്ങനെയൊരു വിധിയുണ്ടായാൽ അത് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾക്കും കാരണമാകും. എന്നാൽ ഭരണഘടനയിൽ ഭേദഗതി വരുത്തി പഴുതുകൾ അടച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണു കണക്കുകൂട്ടൽ. പക്ഷേ ഏബ്രഹാം ഷാജി ഇതൊക്കെ അറിഞ്ഞാൽ കുഴപ്പമാകും. അതുകൊണ്ട് അതീവ രഹസ്യമായാണ് ആലോചനകൾ നടക്കുന്നത്.

ഭരണഘടന ഭേദഗതി ചെയ്യാൻ ജനറൽ ബോഡിക്കു മാത്രമാണ് അധികാരം. അതുകൊണ്ട് ഈ പരിപാടി അജണ്ടയിൽ ഉൾപ്പെടുത്തി ജനറൽ ബോഡി വിളിക്കണം. പക്ഷേ ജനറൽ ബോഡി വിളിച്ചാൽ ഏബ്രഹാം ഷാജി അറിയുമെന്നുറപ്പ്.

മറ്റൊരു പ്രശ്നവും ഉണ്ടാകാൻ ഇടയുണ്ട്. നിലവിലുള്ള ഭരണഘടന സ്ത്രീകളുടെ വോട്ടവകാശം നിഷേധിക്കുന്നില്ല എന്നതാണല്ലോ ഏബ്രഹാം ഷാജിയുടെ വാദം. സ്ത്രീകൾക്കു പ്രാതിനിധ്യമില്ലാത്ത ജനറൽ ബോഡി വിളിച്ചുകൂട്ടുന്നതു തടയണം എന്നാവശ്യപ്പെട്ട് ഏബ്രഹാം ഷാജി മറ്റൊരു കേസ്സ് കൊടുത്താൽ അതു കൂനിൻമേൽ കുരുവാകും. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് ഐ.പി.സി നേതൃത്വം.

ഐ.പി.സിയിലെ ചില ഏരിയാ പാസ്റ്റർമാരും സെന്റർ പാസ്റ്റർമാരും തങ്ങളുടെ അധികാരപരിധിക്കു പുറത്തുള്ള സഭകളിൽ ശുശ്രൂഷകൻമാരായിരിക്കുന്നതിനെതിരെ ഏബ്രഹാം ഷാജി നോട്ടീസയച്ച വിവരം കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. മറ്റൊരു കേസ്സിനുള്ള സാദ്ധ്യതയാണ് ഇതിലൂടെ തെളിഞ്ഞു വരുന്നത്. വിദേശരാജ്യങ്ങളിൽ സ്ഥിരതാമസക്കാരായ ചിലർ കേരളത്തിൽ സെന്റർ പാസ്റ്റർമാരായി വിലസുന്നുണ്ട്. ഇത്തരക്കാർക്കെതിരെയാണ് ഏബ്രഹാം ഷാജിയുടെ നീക്കം.

ഐ.പി.സിയുടെ ചില സെന്ററുകളിൽ ഒന്നിലധികം സെന്റർ പാസ്റ്റർമാരുണ്ട്. ഉദാഹരണത്തിന്, കുമ്പനാട് സെന്ററിന്റെ ആജീവനാന്ത സെന്റർ പാസ്റ്ററാണ് ടി.എസ്.ഏബ്രഹാം. ആ തഴമ്പിന്റെ ബലത്തിൽ വൽസൻ ഏബ്രഹാമും ഈ സെന്ററിന്റെ പാസ്റ്ററാണ്. ഇതൊന്നും പോരാഞ്ഞിട്ട് ഇപ്പോൾ മറ്റു രണ്ടു സെന്റർ പാസ്റ്റർമാരെ നിയമിച്ചിട്ടുമുണ്ട്. അങ്ങനെ ആകെ മൊത്തം ടോട്ടൽ നാലു സെൻർ പാസ്റ്റർമാർ കുമ്പനാട് സെന്ററിനുണ്ട്. കെ.സി ജോണിന്റെ തിരുവല്ല സെന്ററിൽ മൂന്നു സെന്റർ പാസ്റ്റർമാരാണു വിളയാടുന്നത്. ഐ.പി.സിയുടെ ഭരണഘടനക്കു വിരുദ്ധമായ ഇത്തരം നടപടികൾ ഉടൻ അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ട് ഏബ്രഹാം ഷാജി മറ്റൊരു നോട്ടീസും അയച്ചുകഴിഞ്ഞു. നടപടിയുണ്ടായില്ലെങ്കിൽ പുതിയൊരു കേസ്സിനുള്ള വഴി അതോടെ തുറക്കുമെന്നു തീർച്ച.

ഐ.പി.സിയുടെ ഭരണഘടന തിരുത്തുമ്പോൾ വിശ്വാസപ്രമാണത്തിൽ ചില ഭേദഗതികൾ വരുത്താനും ചില തല്പര കക്ഷികൾ ശ്രമിക്കുന്നുണ്ട്. പരിശുദ്ധാത്മസ്നാനത്തിന്റെ പ്രത്യക്ഷ അടയാളമാണ് അന്യഭാഷ എന്നുള്ള വിശ്വാസപ്രമാണം തിരുത്താനാണു പദ്ധതി. ഈ വിശ്വസപ്രമാണം പഴഞ്ചനാണെന്നു കെ.സി. ജോൺ കഴിഞ്ഞവർഷം ഹാലേലൂയ്യായിൽ പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു. ആദ്യകാലത്തെ പെന്തക്കോസ്ത് നേതാക്കൻമാർ വചനത്തിൽ അടിസ്ഥാനമില്ലാത്ത നിരവധി വിശ്വാസാചാരങ്ങൾ പെന്തക്കോസ്തിൽ കൊണ്ടുവന്നെന്നും അവയിൽ ഒന്നാണ് ഈ വിശ്വാസമെന്നുമത്രേ കുറെ ഐ.പി.സി നേതാക്കൻമാരുടെ വാദം. അതുകൊണ്ട് ഈ വിശ്വാസപ്രമാണം തിരുത്താനാണു നീക്കം.

ഭരണഘടന തിരുത്താനുള്ള നീക്കം അതീവ രഹസ്യമായാണ് നടത്തിവന്നതെങ്കിലും ഡിഫെൻഡറിലൂടെ ഈ വാർത്ത ലോകം അറിയുന്നതോടെ പദ്ധതി പൊളിയും. ഒരുപക്ഷേ ഈ നീക്കം വേണ്ടന്നു വയ്ക്കാൻ പോലും ഈ വാർത്ത കാരണമായേക്കാം.

# മോനായിയെ ആർക്കും വേണ്ട



ഗതികെട്ടാൽ പുലി പുല്ലും തിന്നും. പക്ഷേ തിന്നാൻ പുല്ലുപോലുമില്ലാതായാലോ? മോനായിയുടെ സ്ഥിതി ഇപ്പോൾ ഏറെക്കുറെ ഇതാണ്. അമേരിക്കയിൽ ചെന്നുപെട്ടു. വണ്ടിക്കൂലിയെങ്കിലും കിട്ടാതെ തിരിച്ചുപോരുന്നതെങ്ങനെ?

ആദ്യത്തെ അമേരിക്കൻ പര്യടനം കഴിഞ്ഞ് മോനായി മടങ്ങിവന്നിട്ട് ഏതാനും മാസങ്ങളേ ആയുള്ളൂ. അതിനിടയിലാണ് രണ്ടാമത്തെ പര്യടനത്തിന് ഇറങ്ങിപ്പുറപ്പെട്ടത്. ഇല്ലത്തൂന്ന് ഇറങ്ങുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്നതാണ് സ്ഥിതി. എം.എസ്.സാമുവൽ, സൂസൻ ജോൺ തുടങ്ങിയ സ്ഥിരം കക്ഷികളെ സന്ദർശിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. അതു കഴിഞ്ഞതോടെയാണ് പ്രശ്നം ആരംഭിച്ചത്. പോകാൻ ഒരിടം ഇല്ലാതായി. ആർക്കും മോനായിയെ വേണ്ട, അതാണു പ്രശ്നം.

ഈ ലക്കം പ്രസ്സിൽ കൊടുക്കുന്ന സമയത്ത് മോനായി ഒരു മോട്ടലിൽ താമസിക്കയാണ്. ആ പ്രദേശത്തുള്ള പാസ്റ്റർമാരേയും വിശ്വാസികളേയുമെല്ലാം ഫോൺ ചെയ്യുന്നുണ്ടെങ്കിലും ഫലമൊന്നുമുണ്ടാകുന്നില്ല. ഡാളസ്സിലേക്കു പോയേക്കാം എന്ന തീരുമാനത്തിലാണ് ഇപ്പോൾ മോനായി. ബഥേൽ പി. ജേക്കബ് മോനായിയെ ക്ഷണിച്ചിട്ടുണ്ട്. അങ്ങേരുടെ സഹായത്തോടെ ചില പ്രോഗ്രാമുകൾ കിട്ടിയേക്കാം. അങ്ങനെ രണ്ടാഴ്ച തള്ളി നീക്കാം. അതുകഴിഞ്ഞാലോ? ശൂന്യത മാത്രം.

ഓക്‌ലഹോമയിൽ പോകണമെന്നുണ്ട്. എന്തെങ്കിലും ഗുണമുണ്ടാകുമോ എന്നു നിശ്ചയമില്ല. അതുകൂടി കഴിഞ്ഞാൽ മടങ്ങിപ്പോരുകയേ നിവൃത്തിയുള്ളൂ.

ഡിഫെൻഡറിന്റെ ശല്യം ഒഴിവാക്കാൻ അതീവ രഹസ്യമായാണ് മോനായി ഇത്തവണ അമേരിക്കയിലെത്തിയത്. പക്ഷേ മോനായി അമേരിക്കയിൽ കാലു കുത്തിയപ്പോൾത്തന്നെ ഡിഫെൻഡർ വിവരമറിഞ്ഞു. അങ്ങനെയാണു മോനായി മനസ്സിൽ കണ്ടതെല്ലാം വടികുത്തി പിരിയാൻ ഇടയായത്. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. എങ്ങനെയെങ്കിലും വണ്ടിക്കൂലി സംഘടിപ്പിച്ചു മടങ്ങുകയല്ലാതെ പോംവഴിയില്ല. എം.എസ്സ്.സാമുവലിന്റെ മഹത്വം പാടിപ്പുകഴ്ത്തുന്ന വകയിൽ കിട്ടിയ ഡോളർ മാത്രമേയുള്ളൂ എടുത്തു പറയാവുന്ന നേട്ടം. ഏതായാലും മോനായി ഉടനെയൊന്നും ഇനി അമേരിക്കയിലേക്കില്ല.

# ഓമനക്കുഞ്ഞമ്മയെ ഓർമ്മയുണ്ടോ കെ.സീ?

ഓമനക്കുഞ്ഞമ്മ എന്ന പേരിൽ കുപ്രസിദ്ധയായ മഹതിയെ ഓർമ്മയുണ്ടോ കെ.സി.ജോണേ? അത്ര പെട്ടെന്നൊന്നും കെ.സി.ജോണിനു മറക്കാൻ പറ്റുന്ന പേരല്ലല്ലോ അത്.

ആരാണീ മാന്യ വനിതയെന്നു വായനക്കാരിൽ ചിലർക്കെങ്കിലും സംശയം തോന്നാം. അതുകൊണ്ടു പറയട്ടെ, ഐ.പി.സിയുടെ പ്രസിഡന്റും വ്യഭിചാരത്തിന്റെ അപ്പോസ്തലനുമായ കെ.സി.ജോണിന്റെ പരസഹസ്രം സ്റ്റെപ്പിനികളിൽ ഒരാളാണ് ഈ മഹിളാരത്നം. ഇപ്പോൾ എറണാകുളം ജില്ലയിലുള്ള ഒരു പട്ടണത്തിൽ അത്യുഗ്രൻ തുത്രൂഷ ചെയ്യുന്നു. കണവൻ ഐ.പി.സിയിലെ ഒരു സെന്റർ ബോൾട്ടാണ്.

ഭർത്താവുദ്യോഗസ്ഥനായ മാന്യദേഹം കുറേക്കാലം അമേരിക്കയിലായിരുന്നു. അക്കാലത്ത്, ഭർത്താവില്ലാത്ത കുറവ് ഓമനക്കുഞ്ഞമ്മയ്ക്കു പരിഹരിച്ചു കൊടുത്തിരുന്നതു കെ.സി. ജോൺ ആയിരുന്നു. ആപത്തിൽ സഹായിക്കുന്നവരെ മറക്കുന്നതു ശരിയല്ലല്ലോ. അതുകൊണ്ട് ഈ



മാന്യവനിത ഇപ്പോഴും കെ.സി. ജോണിനെ സ്വന്തം ഭർത്താവിനേപ്പോലെയാണു പരിഗണിക്കുന്നത്. (അതു തെറ്റല്ലല്ലോ).

മടങ്ങി വന്ന ഭർത്താവിന് നല്ല സഭ കൊടുക്കാൻ കെ.സി. ജോൺ തയ്യാറായി. അങ്ങനെ ഈ വനിതാരത്നവും കണവനും കൊല്ലം ജില്ലയിലുള്ള ഒരു സഭയിൽ കുറേക്കാലം ഭരണം നടത്തി. ആ സഭയിൽ ഒരിക്കൽ ഒരു പ്രശ്നമുണ്ടായപ്പോൾ ശ്രീമതി കുഞ്ഞമ്മ ഒരു ചെറിയ കാബറെ നടത്തി പ്രശ്നം പരിഹരിച്ച കഥ ചരിത്രത്തിന്റെ ഭാഗമാണ്. സഭയ്ക്കെതിരെ കോലാഹലവുമായെത്തിയ സുവിശേഷ വിരോധികളെ ഭരണിപ്പാട്ടു പാടി ചെവി പൊട്ടിച്ചു മടക്കിയയക്കാനും കുഞ്ഞമ്മയ്ക്കു കഴിഞ്ഞു. കുഞ്ഞമ്മയുടെ അനുവാദം കൂടാതെ കുമ്പനാട്ടുനിന്നു ട്രാൻസ്ഫർ ഓർഡർ എത്തിയപ്പോൾ കെ.സി.ജോണിനെ കാണേണ്ടതുപോലെ കണ്ട് ട്രാൻസ്ഫർ റദ്ദാക്കാനും കുഞ്ഞമ്മക്കു കഴിഞ്ഞു. ഒടുവിൽ ഹൈറേഞ്ചിന്റെസെന്റർപാസ്റ്ററാക്കാമെന്നു പറഞ്ഞു മോഹിപ്പിച്ചാണ് ദമ്പതികളെ കൊല്ലം ജില്ലയിൽ നിന്നു നാടുകടത്തിയത്. മിനിസ്റ്റർ ഫോർ ഹൈറേഞ്ച് എന്നൊരു ബോർഡ് കാറിൽ സ്ഥാപിച്ചുകൊണ്ടു പാസ്റ്റർ കുറേക്കാലം വിലസുകയും ചെയ്തു. ജില്ല വിടുന്നതിനു മുൻപ് സഭയുടെ കിണറ്റിൽ കക്കൂസ് മാലിന്യം കലക്കാനും ഈ വിശുദ്ധ മറന്നില്ല.

പക്ഷേ കെ.സി.ജോണിൽ നിന്നുള്ള വരുമാനം കുറഞ്ഞതോടെ പാസ്റ്റർ ഇടഞ്ഞു. തന്റെ ഭാര്യയും കെ.സി.ജോണുമായുള്ള അവിഹിതബന്ധത്തിന്റെ വിശദ വിവരങ്ങൾ എഴുതിയ ലേഖനവുമായി ഇയാൾ പെന്തക്കോസ്ത് പത്രങ്ങളുടെ ഓഫീസുകൾ കയറിയിറങ്ങിയെങ്കിലും ഈ ലേഖനം പ്രസിദ്ധീകരിക്കാൻ ആരും ധൈര്യം കാണിച്ചില്ല. ഒടുവിൽ ഈ ലേഖനം തിരുവല്ലയിലുള്ള ഒരു പാസ്റ്ററുടെ കൈയ്യിലെത്തി. ഇപ്പോഴും ലേഖനം മേല്പടി പാസ്റ്ററുടെ കൈവശമുണ്ട്.

കഴിഞ്ഞ പിണ്ണാക്ക് കോൺഫ്രൻസ് കഴിഞ്ഞ് അമേരിക്കയിൽ നിന്നു മടങ്ങിയെത്തിയ ഉടൻ കെ.സി.ജോൺ സ്വയം വിശുദ്ധനായി പ്രഖ്യാപിച്ചു. താൻ ഒരിക്കലും ദുർന്നടപ്പ് ആചരിച്ചിട്ടില്ലെന്നും മറിച്ചു തെളിയിക്കാൻ കഴിയുമെങ്കിൽ തെളിയിക്കണമെന്നുമായിരുന്നു വെല്ലുവിളി. അന്നുമുതൽ ഡിഫെൻഡർ കെ.സി.ജോണിന്റെ ദുർന്നടപ്പിനേക്കുറിച്ച് എഴുതിവരുന്നു. ഒന്നുപോലും നിഷേധിക്കാൻ കെ.സി.ജോണിനു ധൈര്യമുണ്ടായിട്ടില്ല. ഓമനക്കുഞ്ഞമ്മയുമായുള്ള ഈ ബന്ധവും കെ.സി.ജോണിനു നിഷേധിക്കാനാവില്ല. നിഷേധിച്ചാൽ കൂടുതൽ വിശദമായ വിവരണം ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## പകൽക്കാലം

പ്രസംഗം കേൾക്കാൻ വന്ന സ്ത്രീ വീണു മരിച്ചെന്ന്!!!

''വീണു മരിച്ച''വൻ പ്രസംഗിച്ചാൽ മരിച്ചു വീഴാതെന്താ ചെയ്ക?



ദി ഡിഫെൻഡർ
Vol. No.12 Issue No.8 2009 April 16

# സത്യോപദേശസംരക്ഷണം ആവശ്യമില്ലെന്നോ?

പെന്തക്കോസ്ത് സഭകളെ കരിസ്മാറ്റിക് പ്രസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്നത് അതിന്റെ വിശ്വാസപ്രമാണങ്ങളാണ്. എല്ലാ പെന്തക്കോസ്ത് സംഘടനകൾക്കും എഴുതപ്പെട്ടതും വ്യക്തവുമായ വിശ്വാസപ്രമാണങ്ങളുണ്ട്. അവ ഇല്ലാതായാൽ പെന്തക്കോസ്ത് സഭകൾ വെറും കരിസ്മാറ്റിക് സംഘങ്ങളായിമാറും.

ഉപദേശപരമായ വിഷയങ്ങളിൽ വിയോജിപ്പുള്ളതുകൊണ്ടാണ് ഇതര സമുദായങ്ങളുമായി പെന്തക്കോസ്തുകാർക്ക് വേർപെടേണ്ടിവന്നത്. ഉപദേശവിഷയങ്ങൾ ഗൗരവമായി എടുക്കേണ്ടതില്ലെങ്കിൽ പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾ നിലനിൽക്കേണ്ട ആവശ്യവുമില്ല. ആദ്യകാലത്തെ പെന്തക്കോസ്ത് നേതാക്കൻമാർ ഉപദേശപരമായ വിഷയങ്ങൾക്കു വലിയ പ്രാധാന്യം കൊടുത്തിരുന്നു. പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ ആത്മകഥയുടെ നല്ലൊരു ഭാഗം ഉപദേശ സംരക്ഷണത്തിനായി അദ്ദേഹം നടത്തിയ പോരാട്ടങ്ങളുടെ കഥകളാണ്. അദ്ദേഹത്തിന്റെ പ്രധാന പുസ്തകങ്ങളായ മഹതിയാം ബാബിലോൺ, പരിശുദ്ധാത്മസ്നാനം എന്നിവ ഉപദേശ സംരക്ഷണത്തിനായി എഴുതിയവയുമായിരുന്നു. ഓരോ സമയത്തും ഉണ്ടാകുന്ന ദുരുപദേശങ്ങളെ കാലവിളംബം കൂടാതെ ഖണ്ഡിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സീയോൻ കാഹളം മാസിക പ്രസിദ്ധീകരിച്ചിരുന്നത്. അതൊക്കെ അന്തക്കാലം. ഇന്ന് ഐ.പി.സിയുടെ പ്രസിഡന്റെന്നല്ല ഇതര പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാരും ഉപദേശം മറന്നിരിക്കുന്നു. ഉപദേശസത്യങ്ങൾ സംരക്ഷിക്കുക എന്നത് ഇവരുടെ അജണ്ടയിലേയില്ല.

പെന്തക്കോസ്തിന്റെ ആദ്യകാലങ്ങളിൽ വളരെ കുറച്ചു പ്രസിദ്ധീകരണങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുസ്തകങ്ങളും ഏറെയില്ലായിരുന്നു. പക്ഷേ ഉള്ളവയെല്ലാം ഉപദേശ സംരക്ഷണത്തിന് ഏറ്റവും അധികം പ്രാധാന്യം നൽകിയിരുന്നു. പക്ഷേ ഇന്ന് അതല്ല സ്ഥിതി. പെന്തക്കോസ്തിൽ പുസ്തകങ്ങൾ, പത്രമാസികകൾ തുടങ്ങിയവ ഏറെയുണ്ട്. പക്ഷേ ഉപദേശപരമായ വിഷയങ്ങളേക്കുറിച്ച് ഒരു ലേഖനം പോലും ഇവയിൽ കണ്ടെത്താൻ കഴിയുന്നില്ല. പ്രസംഗകരുടെ ഇഷ്ട വിഷയം ഭൗതീക അനുഗ്രഹമാണ്. പണമുണ്ടായാൽ എല്ലാമായി. പണമുള്ളവൻ അനുഗ്രഹിക്കപ്പെട്ടവൻ. പണമില്ലാത്തവൻ ശപിക്കപ്പെട്ടവൻ. ദൈവവചനത്തിന്റെ ആഴങ്ങളിലേക്കിറങ്ങാൻ പ്രസംഗകർക്കു സമയമില്ല, താല്പര്യവുമില്ല. ഉപദേശവിഷയങ്ങളേക്കുറിച്ചു കേൾക്കാൻ വിശ്വാസികൾക്കും താല്പര്യമില്ല. ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണിത്.

## ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.

*Please Visit:* **www.tsbalan.com**

**OR www.tsbalan.org**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**For more Details: tsbalan@yahoo.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

# സത്യം സത്യമായി

തെരഞ്ഞെടുപ്പു മാമാങ്കം കഴിഞ്ഞു, ജനവിധി പെട്ടിയിലുമായി. (കൃത്യമായി പറഞ്ഞാൽ വോട്ടിംഗ് യന്ത്രത്തിന്റെ ഉള്ളിലായി). ഒരു മാസം കാത്തിരിക്കണം വിധിയറിയാൻ. ഈ കാത്തിരുപ്പ് സ്ഥാനാർത്ഥികൾക്കു മാത്രമല്ല സാധാരണക്കാരായ വോട്ടർമാർക്കും അസഹനീയമാണ്. പക്ഷേ പറഞ്ഞിട്ടു കാര്യമില്ല. ഈ കാത്തിരുപ്പ് അനിവാര്യമാണ്.

എന്താകും റിസൾട്ട്? തീർത്തു പറയാനാവില്ല. എങ്കിലും ചിലതൊക്കെ ഊഹിക്കാം. എൽ.ഡി.എഫിന് എട്ട്, യു.ഡി.എഫിന് 12 എന്നിങ്ങനെയാകാൻ സാദ്ധ്യതയുണ്ട്. ബാക്കിയുള്ളവർക്കെല്ലാം കെട്ടിവച്ച കാശ് സ്വാഹ. എൻ.സി.പി. ശരിക്കും ശക്തി തെളിയിക്കും. ജയിച്ചവരെല്ലാം തങ്ങളുടെ സഹായംകൊണ്ടാണു ജയിച്ചതെന്നും തോറ്റവരുടെ പരാജയത്തിനും കാരണം തങ്ങളാണെന്നും വീമ്പിളക്കും. അടുത്ത തെരഞ്ഞെടുപ്പിൽ മമ്മൂഞ്ഞിന്റെ വിശ്വവിഖ്യാതമായ മീശ കേരളത്തിലെ എൻ.സി.പിയുടെ ചിഹ്നമാകാൻ ഇടയുണ്ട്.

അടിപിടിയൊന്നും കൂടാതെ വയനാട് സ്വീകരിച്ചിരുന്നെങ്കിൽ ജനതാ ദളിനു തടി രക്ഷിക്കാമായിരുന്നു. ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. ഉത്തരത്തേലിരുന്നതു കിട്ടിയുമില്ല, കക്ഷത്തിലിരുന്നതു പോകുകയും ചെയ്തു എന്ന സ്ഥിതിയിലാണിപ്പോൾ.

കുഞ്ഞുമാണി ഇത്തവണയെങ്കിലും ജയിക്കുമോ? ജയിക്കാനാണു സാദ്ധ്യത. കാരണങ്ങൾ പലതാണ്. സ്ഥലം കോട്ടയമാണെന്നതുതന്നെ പ്രധാന കാരണം. കൂടാതെ, ഭരണപക്ഷത്തോടു പൊതുജനങ്ങൾക്കുള്ള സ്വാഭാവിക വിരോധവും. പക്ഷേ തോറ്റാൽ ആകെ നാണക്കേടാകും എന്നതിനു സംശയമില്ല. തോൽക്കാനായി ജയിച്ചവൻ എന്നാകും കുഞ്ഞുമാണിയുടെ അപരനാമം. എവിടെ തോൽവിയുണ്ടോ അവിടെ കുഞ്ഞുമാണിയുണ്ട് എന്നു ശത്രുക്കൾ പറഞ്ഞു പരത്തിയേക്കാം. പാപി ചെല്ലുന്നിടം പാതാളം എന്നു പി.സി.തോമസ് പറയാനും ഇടയുണ്ട്.

പി.സി.തോമസ് ഇപ്പോൾ ഏതു പാർട്ടിയിലാണ്? ജോസഫ് ഗ്രൂപ്പിലാണെന്നത്രേ വയ്പ്. പക്ഷേ അത്ര ചക്കീമല്ല, അത്ര കണ്ടനുമല്ല എന്നതാണു സ്ഥിതി. ജോസഫ് ഗ്രൂപ്പിൽ നിൽക്കാനും തയ്യാർ, ഇടതുപക്ഷത്തിന്റെ പിൻതുണയുണ്ടെങ്കിൽ മറ്റൊരു കേരള കോൺഗ്രസ്സ് ഉണ്ടാക്കാനും തയ്യാർ എന്നതാണു സ്ഥിതി.

ശറേന്നപ്പൻ മജിസ്ട്രേറ്റായി എന്നു പറഞ്ഞതുപോലെയാണ് അത്യുഗ്രൻ തീവ്രവാദ സംഘടനയായ പി.ഡി.പി പരമ വിശുദ്ധ രാജ്യസ്നേഹ പാർട്ടിയായത്. സി.പി.എം തൊട്ടതോടെ പി.ഡി.പിയുടെ അശുദ്ധിയെല്ലാം പമ്പകടന്നു. ഇടതുപക്ഷത്തു നിൽക്കുന്നിടത്തോളം കാലം പി.ഡി.പിയിൽ വർഗ്ഗീയതയോ തീവ്രവാദമോ അശ്ലേഷം ഉണ്ടാകുകയുമില്ല. എന്തതിശയമേ.....

വെറുതെയൊന്നു ഷൈൻ ചെയ്യാൻ ശ്രമിച്ചതു വരുൺ ഗാന്ധിക്കു പുലിവാലായി. ടേപ്പ് വ്യാജമാണെന്നു പറഞ്ഞിട്ടു കമ്മീഷൻ വിശ്വസിക്കുന്നില്ല. അറസ്റ്റ് വരിക്കാൻ ചെന്നപ്പോൾ ജനം ബഹളമുണ്ടാക്കിയ കേസ്സിലും മുഖ്യ പ്രതി വരുൺ തന്നെ. സംഗതി ജാമ്യം കിട്ടാത്ത വകുപ്പാണ്. അതുകൊണ്ട് കുറച്ചുകാലമെങ്കിലും അകത്തു കിടക്കാതെ പറ്റില്ല. മാതാജിയുടെ പ്രകൃതി സ്നേഹമോ മൃഗസ്നേഹമോ ഈ വിഷയത്തിൽ ഫലിക്കുന്നുമില്ല. മാതാവാകാൻ ഇടവന്നിട്ടില്ലാത്ത ബഹൻജി അത്ര പെട്ടെന്നൊന്നും വഴങ്ങുന്ന മട്ടില്ല. എന്തിനേറെ, മകനെ ഒന്നു കാണാൻ പോലും കടമ്പകൾ പലതു കടക്കണം. ഒരുകാലത്ത് ഇന്ത്യയെ ചെറുവിരലിൽ നിർത്തി വിറപ്പിച്ച പിതാവിന്റെ വീരപുത്രന് ഈ ഗതി വന്നതിലാണത്ഭുതം. ആരറിവൂ നിയതിതൻ ത്രാസ്സു പൊങ്ങുന്നതും താനെ താണു പോവതും!

പുലിപ്രഭാകരനെ ശ്രീലങ്കൻ സേന വധിച്ചാൽ ഇന്ത്യയുടെ ഷേപ്പ് മാറ്റിക്കളയുമെന്നാണ് വൈക്കോ പറയുന്നത്. വൈക്കോ ഒരുവട്ടം ശൊല്ലിയാൽ അതു നൂറുവട്ടം ശൊല്ലിയതുപോലെയാണെന്നു മാലോകർക്കെല്ലാം അറിയാം. പക്ഷേ ഇതൊന്നും സർക്കാരിന് അത്ര പിടിക്കുന്നില്ല. ഏതായാലും വൈക്കോയ്ക്ക് വീണ്ടും ഉണ്ട തിന്നാനുള്ള യോഗമുണ്ടായിരിക്കുന്നു.

അവിവാഹിതകളായ നാലു സ്ത്രീകൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. കുമാരിമാരായ ജയലളിത, ഉമാഭാരതി, മായാവതി, മമതാ ബാനർജി എന്നിവരാണ് ഈ വീരാംഗനമാർ. ഇവരിൽ ഉമാ ഭാരതിയുടെ ഗ്യാസ് പോയ മട്ടാണ്. നാഴികയ്ക്കു നാല്പതുവട്ടം അഭിപ്രായം മാറ്റുകയും വായിൽ തോന്നിയതെല്ലാം വിളിച്ചു പറയുകയും ചെയ്യുന്നത് എത്രക്കാലം സഹിക്കാൻ കഴിയും? അഴിമതിയിൽ മുങ്ങിക്കുളിച്ചിട്ടും ജയിലളിതക്കും ബഹൻജിക്കും കരിസ്മാ കുറഞ്ഞിട്ടില്ല. മമതയുടെ സ്ഥിതി ഇത്തവണ കുറേക്കൂടി നല്ലതാണെന്നു പറയാതെ വയ്യ. ഇവരിൽ ആരെങ്കിലും ഭാവിയിൽ ഇന്ത്യൻ പ്രധാന മന്ത്രി ആകാനുള്ള സാദ്ധ്യതയും തള്ളിക്കളയാനാവില്ല. സ്ത്രീകൾക്കു സംവരണം കൂടിയേ കഴിയൂ എന്നില്ലെന്ന് ഈ ഝാൻസിറാണിമാർ തെളിയിച്ചിരിക്കുന്നു.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊള്ളുവാൻ ആവശ്യമാകുന്നു. ദൂതൻമാർമുഖാന്തരം അരുളിച്ചെയ്ത വചനം സ്ഥിരമായിരിക്കുകയും ഓരോരോ ലംഘനത്തിനും അനുസരണക്കേടിനും ന്യായമായ പ്രതിഫലം ലഭിക്കുകയും ചെയ്തു എങ്കിൽ കർത്താവ് താൻ പറഞ്ഞുതുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെ നല്കിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ നമുക്ക് ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും? (എബ്രാ.2:1-4).

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542

ഫോൺ: **0484-3232356. Mob: 96564 32921**

# മോനച്ചൻ പ്രവാചകന്റെ അമേരിക്കൻ ഇതിഹാസം



കള്ളപ്രവാചകനായ മോനച്ചൻ അവസാനമായി അമേരിക്ക സന്ദർശിച്ചതു രണ്ടു വർഷം മുൻപാണ്. ദുർന്നടപ്പിനുള്ള ഒരവസരവും ഈ യാത്രയിൽ മോനച്ചൻ വെറുതെ കളഞ്ഞില്ല. ഒരു സംഭവം ഇങ്ങനെ.

ഹ്യൂസ്റ്റണിലുള്ള ഒരു വീട്ടിൽ മോനച്ചൻ ചില ദിവസങ്ങൾ താമസിച്ചിരുന്നു. പതിനാറു വയസ്സുള്ള ഒരു പെൺകുട്ടി ആ വീട്ടിൽ ഉണ്ടായിരുന്നു. അത്യുഗ്രൻ ദൈവദാസനായ മോനച്ചനോട് ഈ പെൺകുട്ടി സ്വതന്ത്രമായി ഇടപെടുകയും ചെയ്തിരുന്നു.

ഒരു ദിവസം രാത്രിയിൽ, എല്ലാവരും ഉറങ്ങിക്കഴിഞ്ഞപ്പോൾ, മോനച്ചൻ ഈ പെൺകുട്ടിയുടെ മുറിയിലെത്തി. ഉറങ്ങിക്കിടന്ന ആ കുട്ടി വിവരം അറിഞ്ഞതുമില്ല. പക്ഷേ മോനച്ചന്റെ വിക്രിയകൾ അതിരു വിട്ടപ്പോൾ ആ കുട്ടി ഉണർന്നു ബഹളം വച്ചു. കോലാഹലം കേട്ട് മാതാപിതാക്കളും എത്തി. ആകെ പ്രശ്നമായി. രക്ഷപ്പെടാനായി മോനച്ചൻ പലതും പറഞ്ഞു നോക്കിയെങ്കിലും ഫലിച്ചില്ല. പെൺകുട്ടിയുടെ അമ്മാച്ചൻമാരും വിവരമറിഞ്ഞെത്തി. അന്നു രാത്രി തന്നെ അവർ മോനച്ചനെ ആ വീട്ടിൽ നിന്നു പുറത്താക്കി. നടന്ന സംഭവങ്ങളൊന്നും അറിയാത്ത മറ്റൊരു സ്നേഹിതനെ ഫോൺ ചെയ്തു വരുത്തിയാണ് മോനച്ചൻ രക്ഷപ്പെട്ടത്.

ഏറെ താമസിയാതെ മോനച്ചൻ അബുദാബിയിലേക്കു മടങ്ങി. രണ്ടു മാസം കഴിഞ്ഞപ്പോഴാണ് മറ്റൊരു പ്രശ്നമുണ്ടായത്. മോനച്ചനെ അതിഥിയായി സ്വീകരിച്ച മറ്റൊരു വീട്ടിലെ പെൺകുട്ടി ഗർഭിണിയായിരിക്കുന്നു. അതീവ രഹസ്യമായി അബോർഷൻ നടത്തി അവർ പ്രശ്നം പരിഹരിച്ചു.

# ഭാര്യമാർ കോപിക്കുന്നു

നാരി ഒരുമ്പെട്ടാൽ ബ്രഹ്മനും തടുക്കാവതല്ല എന്നാണു ചൊല്ല്. ഡിഫെൻഡറിനെതിരെ രണ്ടു നാരിമാർ തിരിഞ്ഞിരിക്കുന്നു. മോനച്ചൻ പ്രവാചകന്റെ പ്രിയതമയാണ് അവരിൽ ഒരാൾ. മോനച്ചന്റെ സഹോദരനായ ഷാജിയുടെ മണൈവി സുജയാണ് രണ്ടാമത്തെ നാരി. ഇരുവരും അത്യന്തം കോപത്തിലാണ്. ബാലനെ മര്യാദ പഠിപ്പിച്ചേ ഇരുവരും അടങ്ങു എന്ന വാശിയിലാണ്.

മോനച്ചന്റെ ഭാര്യ ഇപ്പോൾ പത്തനാപുരത്തുണ്ട്. മോനച്ചന്റെ അമ്മ സുഖമില്ലാതെ കിടപ്പിലാണ്. ഈ അമ്മച്ചിയെ കാണാൻ പലരും വീട്ടിൽ വരും. അവരെയെല്ലാം മോനച്ചന്റെ ഭാര്യ സംശയത്തോടെയാണു വീക്ഷിക്കുന്നത്. ബാലനുവേണ്ടി രഹസ്യം ചോർത്താൻ എത്തിയ ചാരൻമാരാണ് ഇവരൊക്കെ എന്നാണ് ചിന്ത. സംശയം മൂത്ത് പലരേയും ചീത്തവിളിക്കയും ചെയ്യുന്നു. ബാലനെ തട്ടിക്കളയുമെന്നും മോനച്ചന്റെ ഭാര്യ പ്രഖ്യാപിക്കുന്നുണ്ട്. ഷാജിയുടെ ഭാര്യ അമേരിക്കയിലാണ്. ആരെങ്കിലും അവരെ നോക്കി ചിരിച്ചാൽ പ്രശ്നമാകും. കളിയാക്കി ചിരിച്ചു എന്നാണ് ആരോപണം. അവരുടെ സമീപത്തുനിന്ന് രണ്ടുപേർ തമ്മിൽ സംസാരിച്ചാൽ അവർ അസഭ്യം പറയും. അവരെക്കുറിച്ചാണു സംസാരിച്ചതെന്നാണ് പറയുന്നത്. ബാലനെ ശരിപ്പെടുത്തുമെന്നും ആക്രോശിക്കും. ഇപ്പോൾ പലരേയും ഫോണിൽ വിളിച്ചും ചീത്ത വിളിക്കുന്നുണ്ട്. സമനില തെറ്റിയതുപോലെയാണു പെരുമാറ്റം.




# കോലഞ്ചേരിയിൽ യൂണിവേഴ്സിറ്റി?

എറണാകുളം ജില്ലയിലെ കോലഞ്ചേരിയിൽ യൂണിവേഴ്സിറ്റിയുണ്ടോ? ഉള്ളതായി അറിവില്ല. പക്ഷേ ഐ.പി.സിയുടെ നേര്യമംഗലം ഏരിയാ ശുശ്രൂഷകനായ റ്റി.എ.തമ്പി കോലഞ്ചേരി ഓപ്പൺ യൂണിവേഴ്സിറ്റിയിൽ പഠിച്ചിട്ടുണ്ട്. സംശയമുള്ളവർ ഹാലേലൂയ്യാ ഡയറക്ടറിയുടെ (2008) 30-ാം പേജ് നോക്കുക. ഈ യൂ ണിവേഴ്സിറ്റിയിൽ നിന്നു തമ്പി ഏതു ഡിഗ്രിയാണെടുത്തതെന്നു മാത്രം അറിഞ്ഞുകൂടാ.



പാസ്റ്റർ റ്റി.എ. തമ്പി

ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭാ നേര്യമംഗലം ഏരിയാ ശുശ്രൂഷകനാണ് പാസ്റ്റർ റ്റി.എ. തമ്പി. പത്തൊടും അടുത്ത് ഏലിയാസിന്റെ മകനായി 1961ൽ ജനിച്ചു. കോലഞ്ചേരി ഓപ്പൺ യൂണിവേഴ്സിറ്റിയിലും, അമേരിക്ക ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും പഠനശേഷം 19 വർഷമായി കർതൃശുശ്രൂഷയിലായിരിക്കുന്നു.

# രാജുക്കുട്ടിക്കു മറുപടിയില്ല



കേരളാ യൂണിവേഴ്സിറ്റിയിൽ നിന്ന് രാജുക്കുട്ടിക്കു ലഭിച്ച എം.എ. ഡിഗ്രിയുടെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി തരണമെന്ന് ഡിഫെൻഡർ കഴിഞ്ഞ ലക്കത്തിൽ ആവശ്യപ്പെട്ടിരുന്നെങ്കിലും ഈ ലക്കം പ്രസ്സിൽ കൊടുക്കുന്നതുവരെ മറുപടി ലഭിച്ചിട്ടില്ല. എങ്കിലും രണ്ടാഴ്ചകൂടി കാത്തിരിക്കാനാണ് തീരുമാനം.

മത്തങ്ങാ തോമസ്കുട്ടി ചവർ ചനലിലെ ഗസ്റ്റ് റും എന്ന പരിപാടിക്കുവേണ്ടി രാജുക്കുട്ടിയെ ഇന്റർവ്യൂ ചെയ്തപ്പോഴാണ് താൻ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ എടുത്ത വിവരം വെളിപ്പെടുത്തിയത്. പറയുന്നത് രാജുക്കുട്ടിയായതുകൊണ്ട് വിശ്വസിക്കാതെ തരമില്ല. എങ്കിലും ഡിഫെൻഡറിന് ഒരു സംശയം. അതുകൊണ്ടാണ് എം.എ സർട്ടിഫിക്കറ്റിന്റെ ഫോട്ടോകോപ്പി ചോദിക്കാൻ തീരുമാനിച്ചത്. രാജുക്കുട്ടി കനിഞ്ഞില്ലെങ്കിൽ വിവരാവകാശ നിയമം അനുസരിച്ച് കേരള യൂണിവേഴ്സിറ്റിൽ അപേക്ഷ നൽകി വിവരം ശേഖരിക്കാൻ ഡിഫെൻഡറിനു കഴിയും.

# അമേരിക്കൻ വിശ്വാസി ബഥേലിനെതിരെ പരാതി നൽകി



എല്ലാവരേയും കുറേക്കാലവും കുറേപ്പേരേ എല്ലാക്കാലവും കബളിപ്പിക്കാമെങ്കിലും എല്ലാവരേയും എല്ലാക്കാലവും കബളിപ്പിക്കാനാവില്ലെന്ന് ഒരു ചൊല്ലുണ്ട്. ഇതു ബഥേൽ പി. ജേക്കബ്ബിന്റെ കാര്യത്തിലും അന്വർത്ഥമാകുകയാണ്. പരമ വിശുദ്ധനായി ചമഞ്ഞ് ഇയാൾ കുറേക്കാലം എല്ലാവരേയും കബളിപ്പിച്ചു. കുറേപ്പേരേ ഇപ്പോഴും കബളിപ്പിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ ഡിഫെൻഡറിലൂടെ സത്യം ഗ്രഹിച്ച നിരവധിയാളുകൾ ഈയാളുടെ തട്ടിപ്പുകൾ മനസ്സിലാക്കിക്കഴിഞ്ഞു. മാത്രമല്ല, ബഥേലിനെതിരെ നിലപാടുകളെടുക്കാനും അവർക്കു ധൈര്യം വന്നിരിക്കുന്നു.

അടുത്ത കാലം വരെ ബഥേലിനോട് അടുത്തു നിന്നിരുന്നവരിൽ ഒരാളുടെ കഥ തന്നെ ഉദാഹരണമായെടുക്കാം. ദൈവവേലയുടെ പേരു പറഞ്ഞ് വളരെയധികം പണം ബഥേൽ ഇദ്ദേഹത്തിൽ നിന്നു വാങ്ങിയിട്ടുണ്ട്. ദൈവം നൂറു മടങ്ങു പ്രതിഫലം കൊടുക്കുമെന്നായിരുന്നു വാഗ്ദാനം. പക്ഷേ കൈയ്യിലുള്ള കാശു പോയതുമാത്രം മിച്ചം. ഒടുവിൽ ഈ സഹോദരനു സുബോധം വന്നു. ബഥേൽ തട്ടിപ്പുകാരനാണെന്ന വസ്തുത വ്യക്തമായി. കൂടുതൽ അന്വേഷണം നടത്തിയപ്പോൾ ബഥേലിന്റെ തട്ടിപ്പിനു തെളിവുകൾ ലഭിക്കയും ചെയ്തു. ദൈവവേലയുടെ മറവിൽ ബഥേൽ ഇന്ത്യയിൽ നടത്തുന്ന തട്ടിപ്പുകളേക്കുറിച്ച് ഈ സഹോദരൻ ഏതാനും ദിവസം മുൻപ് സർക്കാരിനു പരാതിയും നൽകി.

# മത്തായിക്കുട്ടി ഇനി ഫുൾടൈം പ്രവാചകൻ

കെ.എ.ഏബ്രഹാമിന്റെ സഹോദരിയുടെ ഭർത്താവും എ.ജിയിലെ പാസ്റ്ററുമായ മത്തായിക്കുട്ടി ഇനി ഫുൾടൈം പ്രവാചകനായിരിക്കും. സഭാശുശ്രൂഷ വേണ്ടെന്നു വച്ചാണ് പ്രവചനത്തിനിറങ്ങുന്നത്.

ഒരു പെന്തക്കോസ്തുകാരിയുടെ കൈയ്യിൽ നിന്നു മത്തായിക്കുട്ടി പ്രഹരം ഏറ്റുവാങ്ങിയത് ഏതാനും ആഴ്ചകൾ മുമ്പു മാത്രമാണ്. പക്ഷേ സഭാശുശ്രൂഷ വേണ്ടെന്നു വയ്ക്കുന്നതുമായി ഈ സംഭവത്തിനു ബന്ധമൊന്നുമില്ല. മത്തായിക്കുട്ടി പ്രകൃതിവിരുദ്ധനാണെന്ന വസ്തുത സഭയിലുള്ളവരെല്ലാം അറിഞ്ഞതുകൊണ്ട് നിൽക്കക്കള്ളിയില്ലാതെ രാജി വയ്ക്കുകയാണു ചെയ്യുന്നത്.

ഇയാൾ പണ്ട് എ.ജിയുടെ ബഥേൽ ബൈബിൾ കോളേജിലെ വിദ്യാർത്ഥിയായിരുന്നു. അക്കാലത്ത് പ്രകൃതിവിരുദ്ധ ബന്ധത്തിനു പിടിയിലാകുകയും ബൈബിൾ കോളേജിൽ നിന്നു പുറത്താക്കപ്പെടുകയുമുണ്ടായി. പിന്നീട് ടി.ജെ.ശാമുവലാണ് ഈ മഹാപാപിയെ എ.ജിയിൽ തിരിച്ചെടുത്തു പാസ്റ്ററാക്കിയത്. എഴുതാൻ പോലും അറെക്കുന്ന ഹീന കൃത്യങ്ങളാണ് മത്തായിക്കുട്ടി ചെയ്തിട്ടുള്ളതും ഇപ്പോൾ ചെയ്തു വരുന്നതും. ഇവൻ ഫുൾടൈം പ്രവാചകനാകുന്നതോടെ സ്ഥിതി കൂടുതൽ ഗുരുതരമാകും എന്നു വ്യക്തം. അല്പമെങ്കിലും ദൈവഭയമുള്ള വിശ്വാസികൾ മത്തായിക്കുട്ടിയെ വീട്ടിൽ കയറ്റുന്നത് ഒഴിവാക്കണം.


# 'മരിച്ചവർ എവിടെ' വില്പന തുടരുന്നു

''മരിച്ചവർ എവിടെ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. കുറഞ്ഞത് 100 രൂപയെങ്കിലും വിലയിടാവുന്ന ഈ പുസ്തകം ഉല്പാദനച്ചെലവായ 30 രൂപയ്ക്കാണ് വിൽക്കുന്നത്. പുസ്തകം നേരിൽ വാങ്ങുന്നവർ 30 രൂപ തന്നാൽ മതിയാകും. ഇന്റർനെറ്റ് കണക്ഷനുള്ളവർക്ക് പുസ്തകം ഇന്റർനെറ്റിൽ നിന്ന് സൗജന്യമായി ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

വിലാസം: www.tsbalan.com

പോസ്റ്റിൽ ലഭിക്കുവാൻ പോസ്റ്റേജ് അടക്കം (ഇന്ത്യയിൽ) നൽകേണ്ട വില താഴെ കൊടുക്കുന്നു:

ഒരു കോപ്പി- 50 രൂപ. രണ്ടു കോപ്പി- 90 രൂപ. അഞ്ചു കോപ്പി- 180 രൂപ. പത്തു കോപ്പി- 350 രൂപ. പത്തിൽ അധികം കോപ്പികൾ ആവശ്യമുള്ളവർ 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും 50 രൂപ പോസ്റ്റേജും നൽകിയാൽ മതിയാകും.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുറിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 25 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

പണം അയയ്ക്കേണ്ട വിലാസം:

**T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542. Phone: 0484-3232356. Mob: 96564 32921**

# അന്യഭാഷയും ആരാധനയും

അന്യഭാഷയുടെ ദുരുപയോഗവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളേക്കുറിച്ചു വിവരിച്ചുകൊണ്ട് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച ലേഖനം ഏറെ പ്രയോജനം ചെയ്തു എന്ന് നിരവധി വായനക്കാർ അറിയിക്കയുണ്ടായി. ആരാധനയിൽ അന്യഭാഷ എങ്ങനെ ഉപയോഗിക്കണം എന്നു വിശദീകരിക്കണമെന്നും ചിലർ ആവശ്യപ്പെട്ടു. അതുകൊണ്ട് ആ വിഷയത്തേക്കുറിച്ച് എഴുതുകയാണ്.

റ്റി.എസ്.ബാലൻ എന്ന ഞാൻ നേരിൽ കണ്ട ഒരു സംഭവം ആദ്യമായി പറയട്ടെ. ഒരു യോഗം നടക്കുകയാണ്. പാട്ടും പ്രാർത്ഥനയുമെല്ലാം കഴിഞ്ഞു. പ്രസംഗകൻ എഴുന്നേറ്റു. 'ദൈവമക്കളേ, നമുക്ക് അല്പസമയം ആരാധിക്കാം' എന്ന് അദ്ദേഹം ആഹ്വാനം ചെയ്തു. ഉടൻ എല്ലാവരും കൈയ്യടിച്ചുകൊണ്ട് അന്യഭാഷ പറയാൻ തുടങ്ങി. കുറച്ചധികം സമയം ഇതു തുടർന്നു. എല്ലാം ശാന്തമായപ്പോൾ പ്രസംഗം തുടങ്ങി. ഇതാണോ ആരാധന?

മനുഷ്യൻ ദൈവത്തോടു സംസാരിക്കുന്നത്, ദൈവം മനുഷ്യനോടു സംസാരിക്കുന്നത് എന്നിങ്ങനെ അന്യഭാഷയെ രണ്ടായി തിരിക്കാമെന്ന് കഴിഞ്ഞ ലക്കത്തിൽ വ്യക്തമാക്കിയിരുന്നല്ലോ.

അന്യഭാഷയിൽ ആരാധിക്കാമോ എന്നതാണ് അടുത്ത പ്രശ്നം. അതിലേക്കു കടക്കുന്നതിനു മുൻപായി എന്താണ് ആരാധന എന്നു വ്യക്തമാക്കേണ്ടതുണ്ട്. ദൈവത്തിന്റെ മഹത്വം വാഴ്ത്തിപ്പാടുന്നതും ദൈവത്തെ സ്തുതിക്കുന്നതുമാണ് ആരാധന. ദൈവത്തിനു സ്തുതി, ഹാലേലൂയ്യാ തുടങ്ങിയ വാക്കുകൾ ഉപയോഗിച്ച് ദൈവത്തെ ആരാധിക്കാം. ദൈവത്തിന്റെ മഹത്വം വർണ്ണിക്കുന്ന വാചകങ്ങളോ പാട്ടുകളോ ആരാധനയ്ക്കായി ഉപയോഗിക്കാം. പാട്ടുപാടുമ്പോൾ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതും നല്ലതുതന്നെ.

സാധാരണയായി നാം മാതൃഭാഷയിലോ നമുക്കറിയാവുന്ന മറ്റു ഭാഷകളിലോ ആണ് ദൈവത്തെ ആരാധിക്കുന്നത്. പക്ഷേ അന്യഭാഷയിൽ (അതായത്, സംസാരിക്കുന്നവർ പോലും അർത്ഥം ഗ്രഹിക്കാത്ത അന്യഭാഷയിൽ) ദൈവത്തെ ആരാധിക്കാൻ കഴിയുമോ? കഴിയില്ല എന്ന ഉത്തരമാകും പറയാൻ തോന്നുക. യുക്തിയോടെ ചിന്തിക്കുന്നവർക്ക് അങ്ങനെ മാത്രമേ പറയാൻ കഴിയൂ. പക്ഷേ ഇതേപ്പറ്റി ദൈവവചനം എന്തു പറയുന്നു എന്നുകൂടി നാം പരിശോധിക്കേണ്ടതുണ്ട്:

“ഞാൻ അന്യഭാഷയിൽ പ്രാർത്ഥിക്കുന്നു എങ്കിൽ എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു. ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും; ആത്മാവുകൊണ്ടു പാടും; ബുദ്ധികൊണ്ടും പാടും. അല്ല, നീ ആത്മാവുകൊണ്ടു സ്തോത്രം ചൊല്ലിയാൽ ആത്മവരമില്ലാത്തവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിന് എങ്ങനെ ആമേൻ പറയും? നീ നന്നായി സ്തോത്രം ചൊല്ലുന്നു സത്യം; മറ്റവന് ആത്മികവർദ്ധന വരുന്നില്ലതാനും.”(1കൊരി.14: 14-17). ഈ വാക്യങ്ങളിൽ നിന്നു താഴെ പറയുന്ന വസ്തുതകൾ വ്യക്തമാകുന്നു:

1. ബുദ്ധികൊണ്ടു പ്രാർത്ഥിക്കുന്നതുപോലെ അന്യഭാഷയിലും പ്രാർത്ഥിക്കാം.
2. ബുദ്ധികൊണ്ടു മാത്രമല്ല അന്യഭാഷയിലും പാടാം, സ്തോത്രം ചെയ്യാം.

ഞാൻ 'ദൈവത്തിനു സ്തോത്രം' എന്നു മലയാളത്തിൽ പറയുമ്പോൾ അടുത്തിരിക്കുന്ന വ്യക്തിക്ക് അർത്ഥം മനസ്സിലാകുകയും അയാൾ 'ആമേൻ' എന്നു പറഞ്ഞുകൊണ്ട് ആരാധനയിൽ പങ്കാളിയാകുകയും ചെയ്യും. അതാണു വേണ്ടത്. ഒരാൾ മലയാളത്തിൽ ഒരു സ്തുതിഗീതം പാടുമ്പോൾ മറ്റുള്ളവർ ഏറ്റുപാടും. അങ്ങനെ എല്ലാവരും ചേർന്ന് ദൈവത്തെ സ്തുതിക്കും. വിശ്വാസികൾ ദൈവത്തെ ആരാധിക്കുവാനായി കൂടിവരുമ്പോൾ ഇതാണു സംഭവിക്കേണ്ടത്.

അന്യഭാഷയിൽ പാട്ടുപാടുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യാമെന്നു ദൈവവചനം പറയുന്നു. നാം അതു വിശ്വസിച്ചേ മതിയാകൂ. ഒരു വ്യക്തിയുടെ സ്വകാര്യ ആരാധനയിൽ ഇങ്ങനെ ചെയ്യാവുന്നതുമാണ്. താൻ അങ്ങനെ ചെയ്യാറുണ്ടെന്ന് പൗലോസ് സമ്മതിക്കയും ചെയ്യുന്നു. പക്ഷേ സഭായോഗങ്ങളിൽ ഇതു ഗുണം ചെയ്യുകയില്ല. വിശ്വാസികൾ ഒന്നുചേർന്നു ദൈവത്തെ ആരാധിക്കുകയാണ് സഭായോഗങ്ങളിൽ ചെയ്യുന്നത്. വിശ്വാസികൾക്കു മനസ്സിലാകുന്ന ഭാഷയിൽ ആരാധന നടത്തിയാൽ മാത്രമേ അതു സാദ്ധ്യമാകൂ. അതുകൊണ്ട് സഭായോഗങ്ങളിൽ പങ്കെടുക്കുമ്പോൾ ആരും അന്യഭാഷയിൽ സ്തുതിക്കുകയോ അന്യഭാഷയിൽ പാട്ടുപാടുകയോ ചെയ്യരുതെന്ന് പൗലോസ് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശം ഒന്നാം നൂറ്റാണ്ടിൽ മാത്രമല്ല 21-ാം നൂറ്റാണ്ടിലും പാലിക്കേണ്ടതാണ്.

ആരാധിക്കുമ്പോൾ ഒച്ചയുണ്ടാകുമെന്നതു ശരിതന്നെ. പക്ഷേ മൈക്കുവച്ച് ആരാധിക്കുന്നത് ഒഴിവാക്കണം. സ്വൈര്യമായി ജീവിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്. മൈക്കിലൂടെ മണിക്കൂറുകളോളം അന്യഭാഷ പറഞ്ഞു ബഹളമുണ്ടാക്കിയാൽ നാട്ടുകാർ കേസ്സ് കൊടുത്തെന്നു വരും. അതു ക്രൈസ്തവപീഡനമല്ല. അന്യഭാഷ പറഞ്ഞു ബഹളം കൂട്ടുന്നത് ആരാധനയുമല്ല.

ആരാധിക്കാം എന്നു പറയുമ്പോൾ കൈയ്യടിച്ച് അന്യഭാഷ പറയുന്നത് അർത്ഥശൂന്യമാണ്. പാട്ടുപാടുമ്പോൾ താളത്തിൽ കൈ കൊട്ടുന്നതു നല്ലതാണ്. പക്ഷേ അന്യഭാഷ പറയാൻ കൈയ്യടിക്കേണ്ടതില്ല. വെറുതെ കൈയ്യടിച്ചാൽ ആരാധന ആകുകയുമില്ല. 'പത്തു കമ്പിയുള്ള വീണ' കൈയ്യാണെന്നും മറ്റും വ്യാഖ്യാനിക്കുന്നവനെ ഊളമ്പാറയിൽ എത്തിക്കുക. 'അത്യുച്ചനാദമുള്ള കൈത്താളം' കൈയ്യടിയല്ല ഇലത്താളമാണ്.

ആരാധനയേക്കുറിച്ച് നമുക്ക് ഒട്ടേറെ തെറ്റിദ്ധാരണകളുണ്ട്. അവയൊക്കെ തിരുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ പരിഹരിക്കാവുന്ന പ്രശ്നമേ ഇവിടെയുള്ളൂ.

# ഡിഫെൻഡർ മറുപടി പറയുന്നു

? പവ്വർ വിഷനിൽ കാണാക്കാഴ്ചകൾ എന്നൊരു പരിപാടിയുണ്ട്. വിവിധതരം രോഗങ്ങളാൽ ഭാരപ്പെടുന്നവരെയാണ് ഈ പ്രോഗ്രാമിലൂടെ പരിചയപ്പെടുത്തുന്നത്. ഇവരെ സഹായിക്കാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. പക്ഷേ ഇവരുടെ വിലാസം ചോദിച്ചിട്ട് തരുന്നില്ല. പണം പവ്വർ വിഷന്റെ ഓഫീസിലേക്ക് അയച്ചുകൊടുക്കാനാണ് ആവശ്യപ്പെടുന്നത്. ഞങ്ങൾ അയച്ചുകൊടുക്കുന്ന പണം യഥാർത്ഥ കൈകളിൽ എത്തും എന്ന് എന്താണുറപ്പ്?

■ ഒരുറപ്പുമില്ല. കാരണം, പെന്തക്കോസ്ത് നേതാക്കൻമാരിൽ ഭൂരിപക്ഷവും മോഷണം തൊഴിലാക്കിയവരാണ്. പിച്ചച്ചട്ടിയിൽ കൈയിട്ടു വാരാൻ അവർക്കു മടിയില്ല.

കാണാക്കാഴ്ചകളിലൂടെ പവ്വർ വിഷൻ പരിചയപ്പെടുത്തിയവർക്ക് ചിലർ അയച്ചുകൊടുത്ത സഹായം ഒരു മീറ്റിംഗ് നടത്തി വിതരണം ചെയ്തതായി അറിയാം. ആ ചടങ്ങ് പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുകയുമുണ്ടായി. ലഭിച്ച പണം മുഴുവനും കൊടുത്തു എന്നാണു സംഘാടകർ പ്രഖ്യാപിച്ചത്. അവരുടെ വാക്ക് തത്ക്കാലം വിശ്വസിക്കയേ നിവൃത്തിയുള്ളൂ. പക്ഷേ പ്രസക്തമായ മറ്റു ചില ചോദ്യങ്ങൾ ഉത്തരമില്ലാതെ അവശേഷിക്കുന്നു.

ഈ സാധുക്കളെ സഹായിക്കുകയാണ് പവ്വർ വിഷന്റെ ലക്ഷ്യമെങ്കിൽ അവരുടെ പേരും വിലാസവും പ്രോഗ്രാമിനോടൊപ്പം പരസ്യപ്പെടുത്താവുന്നതാണ്. ആവശ്യമുള്ളവർക്ക് എഴുതിയയ്ക്കാവുന്ന വിധത്തിൽ വിലാസം പലവട്ടം പ്രദർശിപ്പിക്കണം. സഹായിക്കാൻ താല്പര്യമുള്ളവർ അവരുമായി നേരിട്ടു ബന്ധപ്പെട്ടുകൊള്ളും. പക്ഷേ പവ്വർ വിഷൻ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. എന്താണു കാരണം?

മാനവും മഹത്വവും പവ്വർ വിഷനു വേണം. 'വല്ലവന്റേം പന്തലിൽ വന്നാൽ എന്റെ വിളമ്പു കാണാം' എന്നതാണ് ഇവരുടെ മുദ്രാവാക്യം. ലോകമെമ്പാടുമുള്ള നല്ല മനുഷ്യർ അയച്ചുകൊടുക്കുന്ന പണം ഉപയോഗിച്ച് പവ്വർ വിഷനു മഹത്വമെടുക്കണം. ഒരു സമ്മേളനം വിളിച്ചുകൂട്ടി സഹായവിതരണം നടത്തും. കുറെ വലിയവരെ വിളിച്ചുകൂട്ടി പ്രസംഗിപ്പിക്കും. അവരെല്ലാം പവ്വർ വിഷനെ പുകഴ്ത്തും. ഈ ചടങ്ങ് പവ്വർ വിഷനിൽ പലവട്ടം സംപ്രേക്ഷണം ചെയ്തു നിർവൃതിയടയും. രോഗികളുടെ പേരും വിലാസവും കാണാക്കാഴ്ചയിൽ പ്രദർശിപ്പിച്ചാൽ ഇതൊന്നും നടക്കില്ലല്ലോ.

കെ.എ.ഏബ്രഹാമിന്റെ ക്രൂരതമൂലം ആത്മഹത്യ ചെയ്ത വിനോദിന്റെ കുടുംബത്തെ സഹായിക്കണമെന്നു ഡിഫെൻഡർ എഴുതി. നിരവധി ആളുകൾ ആ കുടുംബത്തെ സഹായിക്കയും ചെയ്തു. സംഭാവനകൾ ഡിഫെൻഡറിന്റെ ഓഫീസിൽ ശേഖരിക്കുകയും ഒരു മീറ്റിംഗ് നടത്തി സഹായവിതരണം നടത്തുകയും കെ.എ.ഏബ്രഹാമിനെ പരസ്യമായി ഭള്ളുപറയുകയും ചെയ്യാമായിരുന്നു. ഈ വകയിൽ ഡിഫെൻഡറിനു മഹത്വമെടുക്കാൻ ഒരു ബുദ്ധിമുട്ടും ഇല്ലായിരുന്നെങ്കിലും ഞങ്ങൾ അതിനു തുനിഞ്ഞില്ല. വിനോദിന്റെ ഭാര്യയുടെ പേരും വിലാസവും ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചു. നിരവധി ആളുകൾ അവർക്കു സഹായം അയച്ചുകൊടുത്തു. ആ കുടുംബത്തിന്റെ കണ്ണുനീർ ഉപയോഗിച്ച് ഡിഫെൻഡർ മഹത്വം എടുക്കാൻ തുനിഞ്ഞില്ല.

വിശ്വാസികൾ അവിശ്വാസികളുമായി ഇണയല്ലാപ്പിണ കൂടരുത് എന്ന കല്പന ആത്മീക കൂട്ടായ്മയുമായി ബന്ധപ്പെട്ടതാണ്. കഷ്ടത്തിലായിരിക്കുന്ന വ്യക്തിയെ സഹായിക്കുമ്പോൾ ജാതിയും മതവും വിശ്വാസവും നോക്കരുത്. എല്ലാ മതക്കാരുടേയും കണ്ണുനീരിന് ഉപ്പുരസമാണ്. ശമര്യാക്കാരന്റെ കഥയിലൂടെ കർത്താവായ യേശുക്രിസ്തു നൽകുന്ന ദൂതും ഇതുതന്നെ. അതുകൊണ്ട് കാണാക്കാഴ്ചയിലൂടെ പവ്വർ വിഷൻ പരിചയപ്പെടുത്തുന്ന വ്യക്തികളെ നാം ജാതിയോ മതമോ നോക്കാതെ സഹായിക്കണം. വലങ്കൈ ചെയ്യുന്നത് ഇടങ്കൈ അറിയാതിരിക്കട്ടെ. എല്ലാം രഹസ്യത്തിൽ കാണുന്ന പിതാവ് പ്രതിഫലം തരും. അഥവാ പ്രതിഫലം കിട്ടിയില്ലെങ്കിലും നാം സഹായം ചെയ്യണം. കാരണം, നന്മ ചെയ്യാനായിട്ടത്രേ നാം വീണ്ടും ജനിച്ചിരിക്കുന്നത്.

ഇതൊക്കെയാണു വസ്തുതയെങ്കിലും പവ്വർ വിഷൻ മഹത്വമെടുക്കുന്നതു തടഞ്ഞേ മതിയാകൂ. അയച്ചു കൊടുക്കുന്ന പണം മുഴുവൻ ആ സാധുക്കളുടെ കൈകളിൽ എത്തുമോ എന്ന സംശയം ന്യായമാണ്. എത്തും എന്നു വാദിച്ചാലും പ്രശ്നം അവസാനിക്കുന്നില്ല. സംഭാവനകളെല്ലാം പവ്വർ വിഷൻ ശേഖരിക്കുക, പിന്നീട് മീറ്റിംഗ് നടത്തി സഹായവിതരണം നടത്തുക, ഈ ചടങ്ങുകൾ പവ്വർ വിഷനിൽ സംപ്രേക്ഷണം ചെയ്യുക തുടങ്ങിയവയെല്ലാം ദുഷ്ടലാക്കോടെയുള്ളതാണ് എന്നതിനു സംശയമില്ല. സാധുക്കളെ സഹായിക്കുക എന്നതാണു പവ്വർ വിഷന്റെ ലക്ഷ്യമെങ്കിൽ രോഗികളുടെ പേരും വിലാസവും പ്രോഗ്രാമിനോടൊപ്പം പ്രദർശിപ്പിക്കുക. ഫോണിൽ വിലാസം ആവശ്യപ്പെടുന്നവർക്കും നൽകുക.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒരിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുറിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

<u>Address:</u>

T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# പി.കെ.ജോൺസണു പരമസുഖം

ചർച്ച് ഓഫ് ഗോഡിലെ ജനറൽ മിനിസ്റ്ററായ പി.കെ.ജോൺസണ് ഇപ്പോൾ പരമസുഖമാണ്. എന്താണ് ഈ സുഖത്തിനു കാരണം? സംഗതി രഹസ്യമൊന്നുമല്ല, സാക്ഷാൽ പരസ്യമാണ്. പത്രമാസികകളിൽ ആ പരസ്യം ജോൺസന്റെ ഫോട്ടോ സഹിതം വരുന്നുമുണ്ട്. 'സുഖദായിനി' എന്നു പേരുള്ള എണ്ണ ഉപയോഗിക്കാൻ തുടങ്ങിയതുമുതലാണ് അയർക്കുന്നത്തുള്ള ജോൺസണ് സുഖം അനുഭവിക്കാൻ ഭാഗ്യം ലഭിച്ചത്. അദ്ദേഹം പറയുന്നു: ''കഴിഞ്ഞ 20 വർഷമായി കഠിനമായ തലവേദന എന്നെ നിരന്തരം അലട്ടിയിരുന്നു. അലോപ്പതി ഉൾപ്പെടെയുള്ള ചികിത്സകൾ ചെയ്തെങ്കിലും പൂർണ്ണ മോചനം കിട്ടിയില്ല. അപ്പോഴാണ് ഋഷി റിസർച്ചിന്റെ സുഖദായിനി സാൻഡൽ ഓയിലിനേപ്പറ്റി അറിഞ്ഞത്. സുഖദായിനി തുടർച്ചയായി ഉപയോഗിച്ചപ്പോൾ അത്ഭുതമെന്നു പറയട്ടെ, എന്റെ തലവേദന ശരിക്കും സുഖപ്പെട്ടു. നല്ല ഉറക്കവും ലഭിച്ചു. തലവേദനയുടെ വൈഷമ്യത്തിൽ നിന്നും എന്റെ പല സുഹൃത്തുക്കളും സുഖദായിനി മൂലം മുക്തി നേടിയിട്ടുണ്ട്. ഉറപ്പായും സുഖദായിനിയോടു ഞാൻ കടപ്പെട്ടിരിക്കുന്നു. എന്ന് പാസ്റ്റർ ഡോ.പി.കെ.ജോൺസൺ.'' പോരേ പൂരം.

ഡോ കണ്ട് പേടിക്കേണ്ട, ഇയാൾ ഡോക്ടറല്ല, നേഴ്സ് പോലുമല്ല. തിരുവനന്തപുരത്തുള്ള സുരേഷ് കുമാറിന് 1000 രൂപ കൊടുത്തു വാങ്ങിയ ചുമ്മാഡോയാണ്. ഉപവാസവും പ്രാർഥനയും അത്ഭുതം നടത്തലുമായിരുന്നു ഇയാളുടെ മുഖ്യ പരിപാടി. മഹാ വിശുദ്ധൻ ചമഞ്ഞു നടക്കുന്ന ഈ കള്ളന്റെ തനിനിറം ഇപ്പോഴെങ്കിലും പുറത്തായതിൽ സന്തോഷമുണ്ട്. എല്ലാ ദൈവമക്കൾക്കും വിശേഷിച്ചു ചർച്ച് ഓഫ് ഗോഡിനും അപമാനം വരുത്തിവച്ച ഈ നീചനെതിരെ നടപടിയെടുക്കാൻ സഭാനേതൃത്വം തയ്യാറാകുമെന്നു കരുതുന്നു.

# അജ്ഞൻ ഔട്ടായി



കളിച്ചുകളിച്ചു കളി കാര്യമായി. അതോടെ ശ്രീമാൻ അജ്ഞൻ പി.സി.ഐയിൽ നിന്ന് ഔട്ടായി. പിടികിട്ടിയില്ലായിരിക്കും. എങ്കിൽ വിശദീകരിക്കാം.

ചുക്കു ചേരാത്ത കഷായമില്ല എന്നു പറഞ്ഞതുപോലെ അച്ചൻകുഞ്ഞ് ഇലന്തൂർ ഇല്ലാത്ത ഒരു പെന്തക്കോസ്ത് സംഘടനയുമില്ല. ഉണ്ടായാൽ അത് അച്ചൻകുഞ്ഞ് പൊളിക്കും. പി.സി.ഐ എന്ന സംഘടന ഉണ്ടായപ്പോൾ അച്ചൻകുഞ്ഞ് അതിന്റെ സെക്രട്ടറിയായി. അങ്ങനെ കാര്യങ്ങൾ ഉഷാറായി നടന്നു വരുന്നതിനിടയിലാണ് ഒറീസ്സാപ്രശ്നം ഉണ്ടായത്. പി.സി.ഐയുടെ ഒരു പ്രതിനിധി ഒറീസ്സായിൽ പോയിട്ടു വന്ന് ഒരു പത്രസമ്മേളനം നടത്തി. ദളിതനായ അനിൽ കൊടിത്തോട്ടത്തേയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ബിലീവേഴ്സ് ജേർണൽ എന്ന പത്രത്തേയും ഈ പത്രസമ്മേളനത്തിനു ക്ഷണിച്ചു. ഇതിൽ പ്രകോപിതനായ അച്ചൻകുഞ്ഞ് പത്രസമ്മേളനത്തിൽ നിന്ന് ഇറങ്ങിപ്പോയി. ഈ സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തതോടെ അച്ചൻകുഞ്ഞ് ഉഗ്രമായി കോപിച്ചു. ആശ്വസിപ്പിക്കാനും അനുനയിപ്പിക്കാനും ആരെങ്കിലുമൊക്കെ വരുമെന്നായിരുന്നു അച്ചൻകുഞ്ഞിന്റെ പ്രതീക്ഷ. പക്ഷേ ആരും തിരിഞ്ഞുനോക്കിയില്ല. ഇളിഭ്യനായ അജ്ഞനു മുഖം രക്ഷിക്കാൻ രാജി വയ്ക്കുകയല്ലാതെ മറ്റൊരു മാർഗ്ഗമില്ലെന്നുവന്നു.



# കെ.സി. വീണ്ടും സിംപ്ലനായി



മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി എന്നു പറഞ്ഞതുപോലെ കെ.സി.ജോൺ വീണ്ടും സിംപ്ലനായി. സംഗതി ചുരുക്കി പറയാം.

വയസ്സ് അറുപതു കഴിഞ്ഞിട്ടും മുടി ഡൈ ചെയ്ത് പച്ചക്കാമദേവനായി വിലസുകയായിരുന്നല്ലോ കെ.സി.ജോൺ. പക്ഷേ കഴിഞ്ഞ കൊല്ലത്തെ പിണ്ണാക്ക് കോൺഫ്രൻസിൽ സംബന്ധിച്ചപ്പോൾ കെ.സിക്ക് ഒരു കാര്യം വ്യക്തമായി. ഡിഫെൻഡർ പറയുന്നത് ജനം വിശ്വസിക്കുന്നുണ്ട്. കെ.സി.ജോൺ വ്യഭിചാരിയാണെന്ന വസ്തുത ജനം അംഗീകരിച്ചുകഴിഞ്ഞു. ഇനി എന്താണു പോംവഴി? രണ്ടു കാര്യങ്ങൾ ചെയ്യാൻ തീരുമാനിച്ചു. സർവ്വ പാപങ്ങളും നിഷേധിച്ചുകൊണ്ട് ഹാലേലൂയ്യായിൽ ഒരു ഇന്റർവ്യൂ കൊടുക്കുക. കൂടാതെ, മുടി ഡൈ ചെയ്യുന്നതു നിർത്തി വയസ്സറിയിക്കുക. മടങ്ങിയെത്തിയശേഷം ഇവ രണ്ടും ചെയ്തു. അങ്ങനെ കിളവനായതോടെ കെ.സിക്ക് വ്യഭിചരിക്കാനുള്ള അവസരങ്ങൾ വളരെ കുറഞ്ഞു. അതുകൊണ്ട് കെ.സി. ഇപ്പോൾ ഒരു വിദ്യ പ്രയോഗിക്കയാണ്. രണ്ടു വർഷം മുൻപു റിക്കാഡ് ചെയ്ത പ്രസംഗങ്ങളും മറ്റു പ്രോഗ്രാമുകളും ഇപ്പോൾ ചവറിൽ വീണ്ടും സംപ്രേക്ഷണം ചെയ്യുന്നു. പ്രിയപ്പെട്ട നാട്ടുകാരേ നിങ്ങൾ വിചാരിക്കുന്നത്ര കിളവനല്ല ഞാൻ. രണ്ടു വർഷം മുൻപു ഞാൻ എന്തിനും പോന്ന പയ്യനായിരുന്നു. അതുകൊണ്ട് കടന്നു വരുവിൻ.

# റാന്നി അച്ചായനു വീണ്ടും സൂക്കേട്

റാന്നി അച്ചായൻ എന്നു സ്വയം വിളിക്കയും മറ്റുള്ളവരേക്കൊണ്ടു വിളിപ്പിച്ച് നിർവൃതിയടയുകയും ചെയ്യുന്ന ഒരു ശുംഭൻ റാന്നിയിലുണ്ട്. സ്വർഗ്ഗീയധ്വനിയുടെ ഡിസ്ക്കഷൻ ബോർഡിൽ കുറേക്കാലം ഇയാൾ തിരുവിളയാടൽ നടത്തുകയും ചെയ്തിരുന്നു. ഇപ്പോഴിതാ പത്രത്തിലും എഴുതുന്നു. നശ്രയുടെ മാനസാന്തരം ആഴമുള്ളതാണോ എന്നു സംശയിച്ച് ആരോ ലേഖനമെഴുതിയതാണ് ഈ ചങ്ങാതിയെ പ്രകോപിതനാക്കിയിരിക്കുന്നത്. നശ്രയെ തൊട്ടാൽ തൊട്ടവനെ തട്ടും എന്ന മട്ടിലാണ് അച്ചായന്റെ ഭീഷണി. അച്ചായൻ എത്ര കലിതുള്ളിയാലും ഒരു കാര്യം സത്യമാണ്: മാനസാന്തരം എന്നതുകൊണ്ട് പെന്തക്കോസ്തുകാർ എന്താണോ അർത്ഥമാക്കുന്നത്, അത് നശ്രയുടെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. അതു കാലം തെളിയിക്കും.

# സാമച്ചൻ പേരുവിളിച്ചു



പേരുവിളിക്കൽ വീരനായ സാമച്ചൻ ചെങ്ങന്നൂരിലും പേരുവിളിച്ചു. രണ്ടാഴ്ച മുൻപു ചെങ്ങന്നൂരിൽ നടന്ന ഒരു മീറ്റിംഗിലാണു സംഭവം നടന്നത്.

സാമച്ചൻ പ്രസംഗം പൊടിപൊടിക്കയാണ്. അതിനിടയിൽ മൈക്ക് സെറ്റുകാരനോടു പ്രവചിച്ചു. അയാൾക്ക് പുതിയ മൈക്ക്സെറ്റും വാഹനവും മറ്റും ദൈവം നൽകുമത്രേ. ജനറേറ്റർ ഓപ്പറേറ്ററെ പേരു പറഞ്ഞു വിളിച്ചു. അയാൾക്കും മൈക്ക്സെറ്റ് വാഗ്ദാനം ചെയ്തു.

സാമച്ചന്റെ ഒരു ശിങ്കിടി ശ്രോതാക്കളുടെ ഇടയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഇടയ്ക്ക് അയാൾ സാമച്ചന്റെ അടുക്കൽ ചെന്ന് എന്തോ പറഞ്ഞു. അതു കഴിഞ്ഞ് സാമച്ചൻ രണ്ടു പേരുകൾ വിളിച്ചു പ്രവചിച്ചു. ശിങ്കിടിയുടെ തൊട്ടടുത്തിരുന്ന രണ്ടാളുകളുടെ പേരാണ് വിളിച്ചത്. അങ്ങനെ യോഗം പുരോഗമിച്ചു. സാമച്ചൻ പറയുന്ന ഓരോ വാക്കിനും ഹാലേലൂയ്യാ പറയാൻ നിരവധി കഴുതകളുണ്ടായിരുന്നു.

ഈയിടെ സാമച്ചനു പറ്റിയ ഒരമളിയേപ്പറ്റിക്കൂടി പറയാതെ ഈ കഥ അവസാനിപ്പിക്കാൻ പറ്റില്ല. സംഭവം നടന്നതു കുവൈറ്റിലാണ്. വിസിറ്റിനെത്തിയ സാമച്ചനെ സ്വീകരിക്കാനും കള്ളപ്രവചനം കേട്ടു സന്തോഷിക്കാനും നിരവധി ആളുകൾ തയ്യാറായി. ചില യോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. ഒരു സഭയിൽ ഒരു ഗംഭീര യോഗം നടത്താൻ തീരുമാനമായി. നോട്ടീസും മറ്റും വിതരണം നടത്തുകയും ചെയ്തു. പക്ഷേ കാര്യങ്ങൾ വിചാരിച്ചതുപോലെ നടന്നില്ല. പത്തുകൊല്ലം മുൻപ് സാമച്ചൻ കുവൈറ്റിൽ കാട്ടിക്കൂട്ടിയ വിക്രിയകൾ ഓർമ്മയുള്ള ചിലർ എതിർപ്പുമായി രംഗത്തെത്തി. അതോടെ പ്രോഗ്രാം ക്യാൻസൽ ചെയ്യുകയല്ലാതെ നിവൃത്തിയില്ലെന്നു വന്നു. അങ്ങനെ സാമച്ചൻ കേരളത്തിലേക്കു മടങ്ങി.

ഇതൊന്നും കൊണ്ടു കുലുങ്ങുന്നവനല്ല സാമച്ചൻ. അസാമാന്യ തൊലിക്കട്ടിയുള്ളവനാണ് ഈ മാന്യദേഹം. അതുകൊണ്ട് പേരുവിളിക്കലും പ്രവചിക്കലും വ്യഭിചരിക്കലും മറ്റും പൂർവ്വാധികം ഭംഗിയായി തുടർന്നു വരുന്നു.

# തോമസ് മാമ്മൻ ഡോ വിടുന്നില്ല

ചുമ്മാഡോ ഉപേക്ഷിക്കണമെന്നു പച്ച മലയാളത്തിൽ ഡിഫെൻഡർ തോമസ് മാമ്മനോടു പറഞ്ഞുനോക്കി. ഫലമുണ്ടായതായി കാണുന്നില്ല. ഇപ്പോഴും ''ഡോ.തോമസ് മാമ്മൻ പ്രസംഗിക്കുന്നു'' എന്നു പത്രമാസികകളിൽ കാണുന്നു. ''ശാസ്ത്രപണ്ഡിതൻ'' എന്ന വിശേഷണവും ചിലർ ഉപയോഗിക്കുന്നു. അതുകൊണ്ടു പറയട്ടെ, ഈ പോക്കു നല്ലതിനല്ല. ഇത് ഉടൻ നിർത്തണം. പ്രോഗ്രാം ബുക്ക് ചെയ്യുമ്പോൾത്തന്നെ കാര്യം തുറന്നു പറയണം. നോട്ടീസിൽ ഡോ വയ്ക്കരുതെന്നും തോമസ് മാമ്മൻ ശാസ്ത്രപണ്ഡിതനല്ലെന്നും പറയണം. സംഘാടകർ എഴുതിവച്ചതിന് എന്നെ കുറ്റം പറയുന്നതെന്തിന് എന്ന ന്യായം പറഞ്ഞു തടിതപ്പാനുള്ള സാദ്ധ്യത മുമ്പിൽ കണ്ടാണ് ഇതു പറയുന്നത്. ഇതൊക്കെ ചോദിക്കാനും പറയാനും ഡിഫെൻഡർ ആരാ എന്നാണു ചോദ്യമെങ്കിൽ അതിനുള്ള മറുപടി രണ്ടു ചെവിയും തുറന്നിരുന്നു തോമസ് മാമ്മൻ കേൾക്കേണ്ടതായി വരും.



# പെണ്ണൂട്ടി ചരിതം: തുടർക്കഥ



അനവർത്ഥമായ വട്ടപ്പേരുകൾ ഇടുന്ന കാര്യത്തിൽ തിരുവല്ലാക്കാർക്കുള്ള വിരുത് അന്യാദൃശ്യമാണ്. സീരിയൽ ജോൺ, മോഷണായി, മത്തങ്ങാ തോമസ്കുട്ടി... അങ്ങനെ പോകുന്നു ആ പേരുകൾ. ശാരോൻ സെക്രട്ടറിയായ സി.വി.ജോൺ എന്ന കുഞ്ഞൂട്ടിക്കു പെണ്ണൂട്ടി എന്നു പേരിട്ടതും തിരുവല്ലാക്കാർ തന്നെ. സ്വഭാവം വച്ചു വിലയിരുത്തിയാൽ ഇയാൾ ശരിക്കും പെണ്ണൂട്ടിയാണ്.

ഭൂരിപക്ഷം പാസ്റ്റർമാരും വ്യഭിചരിക്കുന്നത് അന്യന്റെ ഭാര്യമാരുമായിട്ടോ അവിവാഹിതകളുമായിട്ടോ ഒക്കെയാണ്. പക്ഷേ സ്വന്തം പെൺമക്കളെ വരെ വ്യഭിചരിക്കുന്ന പാസ്റ്റർ ഇയാൾ മാത്രമായിരിക്കും. (സോറി, ലോത്തിന്റെ കാര്യം മറന്നുപോയി).

ഇത്രയും പറഞ്ഞപ്പോൾ ഇയാൾ സ്വന്തം പെൺമക്കളുമായി മാത്രമേ വ്യഭിചരിക്കൂ എന്ന് ആരെങ്കിലും തെറ്റിദ്ധരിച്ചെങ്കിൽ ആ ധാരണ തിരുത്തുക. സ്ത്രീയുടെ രൂപത്തിലുള്ള എന്തും ഏതും ഇയാൾക്കു സ്വീകാര്യം തന്നെ. ശാരോന്റെ ബൈബിൾ കോളേജിൽ പഠിക്കാൻ വന്ന പെൺകുട്ടികളിൽ വളരെ കുറച്ചു പേർ മാത്രമേ ഈ നീചന്റെ കൈകളിൽ അകപ്പെടാതെ രക്ഷപ്പെട്ടിട്ടുള്ളൂ. ഇയാളുടെ കാമവെറിക്കിരയായി ജീവിതം നശിച്ച നിരവധി പെൺകുട്ടികളുടെ കഥകൾ ഡിഫെൻഡറിനറിയാം. ഇയാൾ പെന്തക്കോസ്തുകാരനാകുന്നതിനു മുൻപു തുടങ്ങിയതാണ് ഈ കലാപരിപാടി. അത് ഇപ്പോഴും തുടരുന്നു.

ശാരോൻ നേതൃത്വം ഇയാൾക്കെതിരെ ഒരു നടപടിയും എടുത്തില്ലേ എന്നു ചോദിച്ചേക്കാം. ഇല്ല എന്നാണ് ഉത്തരം. ഇയാൾ ഏതെങ്കിലും പെൺകുട്ടിയെ ബലാൽസംഗം ചെയ്താൽ ആ പെൺകുട്ടിയെ ബൈബിൾ കോളേജിൽ നിന്നു പുറത്താക്കും. ഇയാളെ ചോദ്യം ചെയ്യാൻ പോലും ആളുണ്ടാകില്ല. ഡിഫെൻഡർ കള്ളം പറയുകയാണെന്നു ധരിക്കുന്നവരുണ്ടാകാം. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ, പച്ചയായ സത്യങ്ങളാണിവ. വിശദ വിവരങ്ങൾ തുടർന്നുള്ള ലക്കങ്ങളിൽ.

# അവറാന് അഞ്ചക്ക ശമ്പളം?

അവറാന്റെ വിദ്യാഭ്യാസ യോഗ്യതയെന്ത്? ഇപ്പോഴെന്താ ഇങ്ങനെയൊരു സംശയം തോന്നാൻ കാരണം എന്നു ചോദിച്ചേക്കാം. കാരണമുണ്ട്. ഇന്ത്യയിലെ ഏതു യൂണിവേഴ്സിറ്റിയിലും അഞ്ചക്ക ശമ്പളത്തിൽ അദ്ധ്യാപകനായി ജോലി കിട്ടാൻ ആവശ്യമായ വിദ്യാഭ്യാസ യോഗ്യത തനിക്കുണ്ടെന്ന് കെ.എ.ഏബ്രഹാം പ്രസംഗിക്കുന്നതായി പലരും ഡിഫെൻഡറിനെ അറിയിക്കയുണ്ടായി. അതുകൊണ്ടാണ് ഇത്തരം ഒരു അന്വേഷണം നടത്താൻ തീരുമാനിച്ചത്.

തന്റെ വിദ്യാഭ്യാസ യോഗ്യതയേപ്പറ്റി കെ.എ.ഏബ്രഹാം ''ദൈവത്തിനു ഭൂമിയിൽ വീടുണ്ടോ'' എന്ന സ്വന്തം പുസ്തകത്തിന്റെ കവറിൽ പറയുന്നതു സ്ക്കാൻ ചെയ്ത് താഴെ കൊടുത്തിരിക്കുന്നതു നോക്കുക.

''1988-92 തിരുവല്ല ശാരോൻ ബൈബിൾ കോളേജിൽ നിന്നും ഡിഗ്രി, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം, മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും എടുത്തു.'' സംഗതി ശരിയാണെങ്കിൽ മോശമല്ല. പക്ഷേ ഇന്ത്യയിലുള്ള ഒരു യൂണിവേഴ്സിറ്റിയിലും ഈ യോഗ്യതയുള്ള വ്യക്തിക്ക് അദ്ധ്യാപകനായി ജോലി കിട്ടുകയില്ല എന്ന വസ്തുത കെ.എ.ഏബ്രഹാമിന് അറിഞ്ഞുകൂടാ.

ഈ പറഞ്ഞതൊക്കെ അവറാനുണ്ടോ എന്നതാണ് അടുത്ത ചോദ്യം. ശാരോനിൽ നിന്നു ബി.റ്റി.എച്ച് എടുത്തു എന്നതു ശരിതന്നെ. കിലോക്ക് അഞ്ചുരൂപയാണ് ഈ ഡിഗ്രിക്കടലാസിന്റെ വില. കപ്പലണ്ടി പൊതിയാൻ കൊള്ളാം.സെറാമ്പൂരിൽ നിന്ന് എന്തു ബിരുദമാണ് അവറാൻ എടുത്തത്? പത്താംക്ലാസ്സ് പാസ്സായ ആർക്കും നേരിട്ട് ബി.റ്റി.എച്ചിന് എഴുതാൻ അക്കാലത്ത് സെറാംപൂർ സെനറ്റ് അനുവാദം കൊടുത്തിരുന്നു. കണ്ണമ്മൂല സെമിനാരിയിലെ പരീക്ഷകളും സെറാംപൂരിന്റെ ഏതാനും പരീക്ഷകളും എഴുതിയാൽ ബി.റ്റി.എച്ച് കിട്ടും. അങ്ങനെ കണ്ണമ്മൂല സെമിനാരിയിൽ പരീക്ഷ എഴുതി അവറാൻ 1994ൽ ബി.റ്റി.എച്ച് നേടി. കണ്ണമ്മൂലയിൽ പഠിച്ചു എന്ന് ചിലപ്പോളൊക്കെ പറയുന്നത് ഈ കാരണത്താലാണ്. കണ്ണമ്മൂലയിൽ പഠിച്ചില്ല, പരീക്ഷ എഴുതുക മാത്രമേ അവറാൻ ചെയ്തുള്ളൂ. അപ്പോൾ എം.എയുടെ കാര്യമോ? പരിശുദ്ധ നുണ. അവറാൻ ഒരു യൂണിവേഴ്സ്റ്റിയിൽ നിന്നും എം.എ. പാസ്സായിട്ടില്ല.



സുവി. കെ. എ. എബ്രഹാം ഇടുക്കി ജില്ലയിൽ പീരുമേട്ടിൽ 55-ാം മൈൽ എന്ന സ്ഥലത്ത് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസകാലം മുതൽ രാഷ്ട്രീയ യുവജന പ്രസ്ഥാനത്തിൽ പ്രവർത്തിച്ചു. ക്രൈസ്തവ കുടുംബത്തിലെങ്കിലും ദൈവമില്ലാത്ത യുവാവായി വളർന്നു. 1986-ൽ പ്രത്യേക ദൈവിക സ്പർശനത്താൽ [illegible] സുവിശേഷകനുമായി. 1988-92 തിരുവല്ല ശാരോൻ ബൈബിൾ കോളേജിൽ നിന്നും ഡിഗ്രി, സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ബിരുദം, മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും സാമൂഹ്യ ശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും എടുത്തു. 16 വർഷമായി [illegible] ഗോസ്പൽ മിനിസ്ട്രിയിന്റെ പ്രവർത്തനത്തിൽ ആയിരിക്കുന്നു. വിവാഹിതനാണ്. ഭാര്യ നിമി. മക്കൾ സ്നേഹ, സന്തോഷ്. തിരുവല്ല കിഴക്കൻ മുത്തൂർ ജംഗ്ഷനടുത്ത് താമസിക്കുന്നു

# കാഹളം ജയിക്കട്ടെ

''ജയ് ജവാൻ, ജയ് കിസാൻ'' എന്നൊരു മുദ്രാവാക്യം പണ്ട് ഉണ്ടായിരുന്നു. ജവാൻ ജയിക്കട്ടെ, കിസാൻ ജയിക്കട്ടെ എന്നാണ് അർത്ഥം. ഇപ്പോഴിതാ എറണാകുളത്ത് ചില വിദ്വാൻമാർ ''ജയ് കാഹളം 2009'' എന്ന പേരിൽ ഉപവാസ പ്രാർത്ഥനയും ഉണർവ്വു യോഗങ്ങളും നടത്തുന്നു. ''ജയ് കാഹളം'' എന്നു പറഞ്ഞാൽ ''കാഹളം ജയിക്കട്ടെ'' എന്നർത്ഥം. എന്തിനാണപ്പാ കാഹളം ജയിക്കുന്നത്? ആരുടെ കാഹളത്തിനാണ് ഇവർ ജയ് വിളിക്കുന്നതെന്നും അറിഞ്ഞുകൂടാ. കർത്താവു മടങ്ങി വരുമ്പോൾ കാഹളനാദം ഉണ്ടാകുമെന്നറിയാം. ആ കാഹളത്തിന് സഭ ജയ് വിളിച്ചതായി അറിവില്ല.

വൈറ്റിലയിലുള്ള പെട്രാ ഫുൾ ഗോസ്പൽ ചർച്ചാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഏപ്രിൽ 20ന് ആരംഭിക്കുന്ന യോഗങ്ങൾ മെയ് 10ന് അവസാനിക്കും. ഫിന്നി സ്റ്റീഫൻ, മനു മേനോൻ, ജോഷി തുടങ്ങിയ വിവരദോഷികളാണ് ഉണർവ്വുണ്ടാക്കുന്നത്. സംഗതി അടിപൊളിയായിരിക്കുമെന്ന് പേരിൽ നിന്നുതന്നെ വ്യക്തം.

# വി.പി.ഏബ്രഹാമിനു മോഷ്ടിക്കാൻ ദർശനം



ദർശനങ്ങൾ പലവിധം. വി.പി.ഏബ്രഹാമെന്ന പഹയനു മോഷ്ടിക്കാനാണു ദർശനം. മോഷണമെന്നാൽ ആടുമോഷണം. ആട് എന്നാൽ നാലുകാലും വാലും ഉള്ള ജീവിയല്ല, വിശ്വാസികളാണ്. കഥ ഇങ്ങനെ.

അമേരിക്കയിൽ ടെന്നിസ്സിയിലുള്ള ഒരു സഭയിൽ പാസ്റ്ററായിരുന്ന വി.പി.ഏബ്രഹാമിന് ആ സഭയിൽ നിന്നു മാറേണ്ടതായി വന്നപ്പോൾ ഒരു ദർശനം കിട്ടി. ഇനിയുള്ള കാലം കേരളത്തിൽ പോയി വേല ചെയ്യണം. അമേരിക്കയിലെങ്ങും സഞ്ചരിച്ച് ദർശനം വിവരിച്ച് നല്ലൊരു തുക സമ്പാദിച്ചു. അങ്ങനെ കോട്ടയത്തെത്തി, എ.ജിയുടെ പാസ്റ്ററുമായി. ഏതാനും മാസങ്ങൾ വേല ചെയ്തപ്പോൾ മടുത്തു. എ.ജിയുടെ തലപ്പത്തെത്തുകയായിരുന്നു ലക്ഷ്യം. അതു നടക്കില്ലെന്നു വ്യക്തമായപ്പോൾ പുതിയ ദർശനം കിട്ടി. അങ്ങനെ അമേരിക്കയിലേക്കു മടങ്ങി. അറ്റ്ലാന്റയിൽ പുതിയൊരു വേലയിറക്കി. നാലു വീട്ടുകാർ മാത്രമുള്ള ഒരു ഐ.പി.സി സഭയിൽ നിന്നു രണ്ടു വീടുകൾ മോഷ്ടിച്ച് വേല തുടങ്ങി. ഈ വീട്ടുകാർ നിർബ്ബന്ധിച്ചതുകൊണ്ട് വേല തുടങ്ങിപ്പോയതാണു കേട്ടോ. ഇപ്പോൾ അറ്റ്ലാന്റയിലുള്ള മറ്റു സഭകളിൽ നിന്നും ആടു മോഷണം നടത്താനുള്ള ശ്രമത്തിലാണു ചങ്ങാതി.


# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- **നിങ്ങളുടെ പേരിൽ ഡൊമെയ്ൻ രജിസ്റ്റർ ചെയ്യുന്നു.**
- **വെബ്സൈറ്റിന് ആവശ്യമായ സ്പേസ് വാങ്ങുന്നു.**
- **ഹോംപേജ് (ആദ്യ പേജ്) ഉണ്ടാക്കുന്നു.**

**ആകെ ചെലവ് - 2000 രൂപ മാത്രം**

**ഓരോ അധിക പേജിനും 500 രൂപ.**

**കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 96564 32921**




# പി.സി. ചെറിയാൻ മറുപടി പറയണം

ഈയിടെ ചവർ ചാനലിൽ മത്തങ്ങ തോമസ്കുട്ടി പി.സി.ചെറിയാനെ ഇന്റർവ്യൂ ചെയ്യുന്ന കാഴ്ച കണ്ടു. ആത്മീക വർദ്ധനയ്ക്കുതകുന്ന പലതും ആ ഇന്റർവ്യൂവിൽ ഉണ്ടായിരുന്നെങ്കിലും ചില കല്ലുകടികളും ഉണ്ടായി. 1കൊരി.13ന്റെ ആദ്യ വാക്യങ്ങളിൽ മൂന്നു മനുഷ്യരെ കാണുന്നു എന്നു പി.സി.ചെറിയാൻ പറഞ്ഞതു ശുദ്ധ വിവരക്കേടാണെന്നു പറയാതെ വയ്യ. കാരണം, അവിടെ മൂന്നു മനുഷ്യരില്ല ഒരാളേയുള്ളൂ. സംശയമുള്ളവർ ആ ഭാഗം വായിക്കുക:

''ഞാൻ മനുഷ്യരുടെയും ദൂതൻമാരുടെയും ഭാഷകളിൽ സംസാരിച്ചാലും എനിക്കു സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ അത്രേ. എനിക്കു പ്രവചനവരം ഉണ്ടായിട്ടു സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻതക്ക വിശ്വാസം ഉണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും, സ്നേഹം ഇല്ല എങ്കിൽ എനിക്ക് ഒരു പ്രയോജനവും ഇല്ല.'' (1കൊരി.13:1-3).

വിവിധതരം കൃപാവരങ്ങളേക്കുറിച്ചു പറഞ്ഞശേഷം അതിനേക്കാൾ ശ്രേഷ്ഠമായ സ്നേഹത്തേക്കുറിച്ചു വിവരിക്കയാണു പൗലോസ്. സകല വിശ്വാസികളുടേയും പ്രതിനിധി എന്ന നിലയ്ക്ക് പൗലോസ് സ്വന്തം കാര്യം പറയുന്നു. പൗലോസിന് എന്തെല്ലാം കൃപാവരമുണ്ടായാലും സ്നേഹമില്ലെങ്കിൽ ഒന്നുമില്ല. മൂന്നു വാക്യത്തിലേയും 'ഞാൻ' പൗലോസ് തന്നെ. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാൻ ശ്രമിക്കാത്തതുകൊണ്ടാണ് പി.സി.ചെറിയാൻ ഇങ്ങനെ വിവരക്കേടു പറയേണ്ടിവരുന്നത്. ഏതായാലും ഗുരുതരമായ ദുരുപദേശമൊന്നും ഈ വ്യാഖ്യാനത്തിലില്ലാത്തതുകൊണ്ട് പ്രശ്നം കൂടുതൽ വഷളാക്കുന്നില്ല. പക്ഷേ തുടർന്നു പറയാൻ പോകുന്ന കാര്യങ്ങൾ അത്യന്തം ഗൗരവമുള്ളതാണ്. അതുകൊണ്ട് അർഹിക്കുന്ന ഗൗരവത്തിലെടുത്ത് മറുപടി പറഞ്ഞേ പറ്റൂ.

പവ്വർ വിഷനേപ്പറ്റി എന്താണ് അഭിപ്രായം എന്നു മത്തങ്ങാ ചോദിക്കുന്നു. അതിനു പി.സി.ചെറിയാൻ പറഞ്ഞ മറുപടി ഇതാണ്: ''പവ്വർ വിഷൻ ചാനൽ ഞാൻ സ്നേഹിക്കുന്ന ഒരു ചാനലാണ്. കാരണം എന്റെ ശുശ്രൂഷക്ക് ഇത്രയും പ്രചാരം കിട്ടാൻ കാരണം പവ്വർ വിഷനാണ്. പൂവത്തൂർ നടന്ന 80-ാം വാർഷിക കൺവൻഷന്റെ ഒരു പ്രസംഗകൻ ഞാനായിരുന്നു. ഞാനറിയാതെ തന്നെ അവർ പടമെടുത്ത് ഘട്ടം ഘട്ടമായി ചാനലിലയച്ചു. ഈ പ്രസംഗം കണ്ടിട്ട് അനേകർ എന്നെ പ്രസംഗത്തിനു വിളിക്കാൻ ഇടയായി. തീർച്ചയായിട്ടും പവ്വർ വിഷൻ ചാനൽ ചെയ്യുന്നത് ഒരു വലിയ ശുശ്രൂഷയാണ്. നമുക്ക് എല്ലാ വീട്ടിലും പോയി സുവിശേഷം അറിയിക്കാൻ പറ്റില്ല. ഇന്നു രാവിലേയും ഒത്തിരി ആളുകൾ എന്നെ ഫോണിൽ വിളിച്ചു പ്രാർത്ഥിക്കാൻ പറഞ്ഞു. ഫോൺ നമ്പർ എവിടെനിന്നു കിട്ടി എന്നു ചോദിച്ചപ്പോൾ പവ്വർ വിഷനിൽ നിന്നു കിട്ടി എന്നാണു പറഞ്ഞത്. എന്റെ ശുശ്രൂഷക്ക് പവ്വർ വിഷൻ വളരെ പ്രയോജനമാണ്. അതുകൊണ്ട് ഞാൻ പോകുന്നിടത്തെല്ലാം പവ്വർ വിഷനേക്കുറിച്ചു പറയാറുണ്ട്. അതിന്റെ ചെയർമാനായ റവ.ഡോ.കെ.സി. ജോൺ എന്റെ ആത്മാർത്ഥ സ്നേഹിതനാണ്. ഒരു കാലഘട്ടത്തിന്റെ ശബ്ദമായി ദൈവം ഉപയോഗിക്കുന്ന മനുഷ്യനായതുകൊണ്ട്, വളരുന്നവരെ വളർത്താനുള്ള ഒരു നല്ല മനോഭാവം അദ്ദേഹത്തിനുള്ളതുകൊണ്ട്, അദ്ദേഹത്തോടും പവ്വർ വിഷൻ ചാനലിനോടും എനിക്കു വളരെ താല്പര്യമാണ്. പവ്വർ വിഷൻ ചാനൽ എല്ലാവരും കാണണമെന്നു ഞാൻ പറയാറുണ്ട്. എല്ലാവിധ പ്രോത്സാഹനവും എന്റെ ഭാഗത്തു തുടർന്നും നൽകാൻ ഞാൻ തയ്യാറുമാണ്.'' (ബലേ ഭേഷ്).

പൂവത്തൂർ കൺവൻഷനു പി.സി.ചെറിയാൻ നടത്തിയ പ്രസംഗം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ചവറിൽ കണ്ടിരുന്നു. അലറിവിളിച്ചു പ്രസംഗിച്ചു എന്നതു ശരിതന്നെ. പക്ഷേ ശുദ്ധ വിവരക്കേടുകളാണ് എഴുന്നെള്ളിച്ചത്. അതേപ്പറ്റി ഡിഫെൻഡറിൽ എഴുതുകയും ചെയ്തിരുന്നു. ആ പ്രസംഗം കേട്ട് പി.സി. ചെറിയാനെ പ്രസംഗത്തിനു വിളിച്ചവരെ ഓർത്തു സഹതപിക്കാതെ പറ്റില്ല. അതെന്തുമാകട്ടെ, പി.സി.ചെറിയാനു കൂടുതൽ വേദികൾ കിട്ടാൻ കാരണമായതുകൊണ്ടു മാത്രം ചവർ ചാനൽ സ്വീകാര്യമാകുമോ?



''തീർച്ചയായിട്ടും പവ്വർ വിഷൻ ചാനൽ ചെയ്യുന്നത് ഒരു വലിയ ശുശ്രൂഷയാണ്'' എന്നു പി.സി.ചെറിയാൻ പറയുന്നു. ചവർ എന്താണു ചെയ്യുന്നതെന്ന് കെ.സി.ജോൺ തന്നെ പറഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടു ക്ലിപ്പുകൾ യൂട്യൂബിൽ കാണാവുന്നതാണ്. ആദ്യം അതു കാണൂ: tsbalan.com/youtube.html

കെ.സി.ജോൺ പറയുന്നു: ''മതപ്രചരണമോ മതപരിവർത്തനമോ ഈ ചാനലിന്റെ ഒരു ഉദ്ദേശ്യമല്ല. അങ്ങനെയൊരു ലക്ഷ്യം ഈ ചാനലിനില്ല എന്ന കാര്യം അതിന്റെ ചെയർമാൻ എന്ന നിലയിൽ ഞാൻ പ്രസ്താവിക്കട്ടെ. അങ്ങനെ ചെയ്യുന്നതു തെറ്റായതുകൊണ്ടല്ല. അവരവരുടെ മതം പ്രചരിപ്പിക്കാൻ ഈ രാജ്യത്തു സ്വാതന്ത്ര്യമുണ്ട്. ഈ രാജ്യത്തുള്ള ജനസമൂഹവും ആ സ്വാതന്ത്രം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഈ ചാനലിന്റെ ലക്ഷ്യം അതല്ല എന്നുമാത്രം. ഇതു കേവലം ഒരു പ്രസംഗ ചാനലാണെന്നു തെറ്റിദ്ധരിക്കരുത്. മതപ്രചരണത്തിനുവേണ്ടിയുള്ള ചാനലാണെന്നു തെറ്റിദ്ധരിക്കരുത്. എല്ലാ മതങ്ങളേയും ബഹുമാനിക്കുന്ന ഒരു ചാനലാണിത്. എല്ലാ മതങ്ങളുടേയും മെച്ചമായ ഭാഗങ്ങളെ, സത്യമായ ഭാഗങ്ങളെ, മനുഷ്യ നൻമക്കുവേണ്ടിയുള്ള ഭാഗങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, സകല മതങ്ങൾക്കും ബഹുമാനം നൽകിക്കൊണ്ട് ഈ ചാനലിന്റെ പ്രവർത്തനശൈലി മുമ്പോട്ടു കൊണ്ടുപോകുകയാണ്. ചില സമയത്തു വരുന്ന പ്രോഗ്രാമുകളിൽ ചിലപ്പോൾ തീഷ്ണമായ ഭാഷ എന്തെങ്കിലും അനുഭവപ്പെടുന്നെങ്കിൽ ഒരുകാര്യം ഉറപ്പുതരാം, അത് ഈ ചാനലിന്റെ പരിപാടിയുടെ ഭാഗമല്ല, ചില സ്ലോട്ടുകൾ ചില പ്രസംഗകർ വിലക്കു വാങ്ങിയിട്ടുണ്ട്. അവർ നൽകുന്ന പണം ഈ ചാനൽ നടത്തിപ്പിന് ആവശ്യമാണ്. അവരുടെ ഈ സ്പോൺസേഡ് പ്രോഗ്രാം പോലും വളരെയധികം നിയന്ത്രണവിധേയമാക്കി വീണ്ടും എഡിറ്റ് ചെയ്താണ് പ്രക്ഷേപണം ചെയ്യുന്നത്.''

ഇനി പറയൂ: പി.സി.ചെറിയാൻ കെ.സി.ജേണിനേയും പവ്വർ വിഷനേയും പിൻതുണയ്ക്കുമോ? പിൻതുണയ്ക്കുമെന്നാണു മറുപടിയെങ്കിൽ അതു തുറന്നു പറയണം. എന്നിട്ടുവേണം പി.സി.ചെറിയാനോട് എന്തു നിലപാടു സ്വീകരിക്കണമെന്നു ഡിഫെൻഡറിനു തീരുമാനിക്കാൻ.

താഴെ പറയുന്ന ചോദ്യങ്ങൾക്ക് പി.സി.ചെറിയാൻ എത്രയും വേഗം മറുപടി എഴുതിതരണം. മറുപടി എന്തുതന്നെ ആയാലും അത് ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കും.

1. തീർച്ചയായിട്ടും പവ്വർ വിഷൻ ചാനൽ ചെയ്യുന്നത് ഒരു വലിയ ശുശ്രൂഷയാണ് എന്നു പി.സി.ചെറിയാൻ പറയുന്നു. എന്താണ് ആ ശുശ്രൂഷ? എല്ലാ മതത്തിന്റെയും നല്ല അംശങ്ങൾ എടുത്തു പ്രചരിപ്പിക്കുന്നതാണോ? വിശദമായ മറുപടി പ്രതീക്ഷിക്കുന്നു.
2. നമുക്ക് എല്ലാ വീട്ടിലും പോയി സുവിശേഷം അറിയിക്കാൻ പറ്റില്ല എന്നു പി.സി.ചെറിയാൻ പറയുന്നതു ശരിതന്നെ. പക്ഷേ പവ്വർ വിഷൻ ഒരുവിധത്തിലുള്ള മതപ്രചരണവും നടത്തുകയില്ലെന്നും മതപരിവർത്തനം പവ്വർ വിഷന്റെ ഉദ്ദേശ്യമല്ലെന്നും കെ.സി.ജോൺ പറയുന്നു. അങ്ങനെയെങ്കിൽ പവ്വർ വിഷൻ ഏതു വിധത്തിലുള്ള സുവിശേഷപ്രവർത്തനമാണ് നടത്തുന്നത്?
3. ''ഇന്നു രാവിലേയും ഒത്തിരി ആളുകൾ എന്നെ ഫോണിൽ വിളിച്ചു പ്രാർത്ഥിക്കാൻ പറഞ്ഞു. ഫോൺ നമ്പർ എവിടെനിന്നു കിട്ടി എന്നു ചോദിച്ചപ്പോൾ പവ്വർ വിഷനിൽ നിന്നു കിട്ടി എന്നാണു പറഞ്ഞത്'' എന്നു പറഞ്ഞല്ലോ. എല്ലാ ദിവസും ഇങ്ങനെ സംഭവിക്കാറുണ്ടോ? ഇതൊരു സ്ഥിരം പരിപാടിയാണോ?
4. എന്റെ ശുശ്രൂഷക്ക് പവ്വർ വിഷൻ വളരെ പ്രയോജനമാണ്, അതുകൊണ്ട് ഞാൻ പോകുന്നിടത്തെല്ലാം പവ്വർ വിഷനേക്കുറിച്ചു പറയാറുണ്ട് എന്ന വാദം അസ്സലായി എന്നു പറയാതെ വയ്യ. പി.സി.ചെറിയാന്റെ അഭിമുഖം വരുന്നതിനു മുൻപുള്ള ആഴ്ച യിൽ മത്തങ്ങ ഇന്റർവ്യൂ ചെയ്തത് ഒരു തിരുമേനിയെ ആയിരുന്നു. പത്രോസെന്ന പാറമേൽ പണിയപ്പെടുന്ന സഭയേക്കുറിച്ച് അദ്ദേഹം വിവരിച്ചു. ഇത്തരം ഇന്റർവ്യൂകളും തിരുമേനിമാരുടെ ദുരുപദേശ പ്രസംഗങ്ങളും ചവറിൽ സ്ഥിരമായി സംപ്രേക്ഷണം ചെയ്തുവരുന്നു. അതേപ്പറ്റി പി.സി.ചെറിയാന് എന്താണു പറയാനുള്ളത്?
5. ''പവ്വർ വിഷന്റെ ചെയർമാനായ റവ.ഡോ.കെ.സി. ജോൺ എന്റെ ആത്മാർത്ഥ സ്നേഹിതനാണ്. ഒരു കാലഘട്ടത്തിന്റെ ശബ്ദമായി ദൈവം ഉപയോഗിക്കുന്ന മനുഷ്യനായതു കൊണ്ട്, വളരുന്നവരെ വളർത്താനുള്ള ഒരു നല്ല മനോഭാവം അദ്ദേഹത്തിനുള്ളതുകൊണ്ട്, അദ്ദേഹത്തോടും പവ്വർ വിഷൻ ചാനലിനോടും എനിക്കു വളരെ താല്പര്യമാണ്. പവ്വർ വിഷൻ ചാനൽ എല്ലാവരും കാണണമെന്നു ഞാൻ പറയാറുണ്ട്. എല്ലാവിധ പ്രോത്സാഹനവും എന്റെ ഭാഗത്തു തുടർന്നും നൽകാൻ ഞാൻ തയ്യാറുമാണ്.''

പി.സി.ചെറിയാൻ തട്ടിമൂളിച്ച കാര്യങ്ങളാണ് ഇതൊക്കെ. പക്ഷേ കെ.സി.ജോൺ വ്യഭിചാരം തൊഴിലാക്കിയവനാണെന്നു ഞാൻ തെളിയിക്കാം. പി.സി.ചെറിയാനു ബോദ്ധ്യമാകുന്നത്ര വ്യക്തമായ തെളിവുകൾ ഹാജരാക്കാം. സത്യം മനസ്സിലായാൽ ഈ അഭിനന്ദനം പിൻവലിക്കാൻ ധൈര്യം കാണിക്കുമോ?
6. കെ.സി.ജോൺ കാലഘട്ടത്തിന്റെ ശബ്ദമാണെന്നു പറയാൻ കാരണമെന്ത്? അസ്സാധാരണമായ എന്തു കാര്യമാണ് കെ.സി. ജോൺ ചെയ്യുന്നത്?
7. വളരുന്നവരെ വളർത്താൻ തയ്യാറുള്ള ആളാണു കെ.സി. ജോൺ എന്നു പറഞ്ഞത് എന്തർത്ഥത്തിലാണ്? കെ.സി.ജോൺ ആരെയൊക്കെ വളർത്തി?
8. പെന്തക്കോസ്ത് ഉപദേശസത്യങ്ങൾക്കു പുല്ലുവില കല്പിക്കുന്ന പവ്വർ വിഷൻ എല്ലാവരും കാണണമെന്നു പി.സി.ചെറിയാൻ പറയുന്നത് ഏതർത്ഥത്തിലാണ്? വിശദീകരിക്കണം.
9. പവ്വർ വിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഏവയെന്ന് കെ.സി.ജോൺ വിശദീകരിച്ചതു കേട്ടല്ലോ. ഇനി പറയൂ, പി.സി.ചെറിയാൻ തുടർന്നും പവ്വർ വിഷനെ പ്രോത്സാഹിപ്പിക്കുമോ?

ഈ ചോദ്യങ്ങൾക്ക് നേരേചൊവ്വേയുള്ള മറുപടി തരുമെന്നു പ്രതീക്ഷിക്കുന്നു.

സൗജന്യമായി ഒരുപദേശം:

മത്തങ്ങ തോസ്കുട്ടിയുമായുള്ള ബന്ധം നല്ലതിനല്ല. അത് വിട്ടുകളയുക. അല്ലെങ്കിൽ ഭാവിയിൽ പി.സി.ചെറിയാൻ ഏറെ ദു:ഖിക്കേണ്ടിവരും.




**എം.പി.3 സി.ഡികൾ ലോക്ക് ചെയ്യൂ**
**കോപ്പിയടി അസാധ്യമാക്കൂ**

പാട്ടുകൾ, പ്രസംഗങ്ങൾ തുടങ്ങിയവ റൈറ്റ് ചെയ്തിട്ടുള്ള എം.പി.3 സി.ഡികൾ അനധികൃതമായി കോപ്പി ചെയ്യപ്പെടുന്നതു തടയാനായി വളരെ കുറഞ്ഞ ചെലവിൽ ലോക്ക് ചെയ്യാം.

**കൂടുതൽ വിവരങ്ങൾക്ക്: 96564 32921**

RNI No. 68089 / 97
2009 April 16

THE DEFENDER

REGISTERED
KL/ALY/0031/2009-11

# തന്തക്കു വിളിക്കുന്ന റവറന്റ്

റവറന്റ് തന്തക്ക് വിളിക്കുമോ? വിളിക്കും. റവറന്റായാൽ എന്തും ചെയ്യാനുള്ള ലൈസൻസായി. (ഒരാൾ എപ്പോഴാണ് റവയാകുന്നത്? റവയും സാധാരണ പാസ്റ്ററും തമ്മിലുള്ള വ്യത്യാസമെന്താണ്? ഇതൊക്കെ അത്യുഗ്രൻ മാർമ്മിക വിഷയങ്ങളാണ്).

രണ്ടാഴ്ച മുൻപ് റ്റി.എസ്. ബാലൻ എന്ന ഈയുള്ളവന് ഒരു ഈമെയിൽ ലഭിച്ചു. ‘‘നിന്നേപ്പോലുള്ള തന്തക്കു പിറക്കാത്തവൻമാരെ ക്രിസ്ത്യാനികളായി ആരും കണക്കാക്കുന്നില്ല. അതുകൊണ്ട് നിന്നെ ശാരോനിൽ നിന്നു പുറത്താക്കിയതിൽ അത്ഭുതവുമില്ല’’ എന്നതായിരുന്നു ഈമെയിൽ എഴുതിയിരുന്നത്.

എന്റെ അപ്പനായ ശ്രീധരൻ നായരെ കണ്ടിട്ടുള്ളവർക്ക് ഞാൻ ശ്രീധരൻ നായരുടെ മകനാണ് എന്നു ബോദ്ധ്യപ്പെടാൻ ഡി.എൻ.എ ടെസ്റ്റിന്റെ ആവശ്യം വരില്ല. അതുകൊണ്ട് ഞാൻ തന്തക്കു പിറന്നവൻ തന്നെ. എന്നെ എത്രപേർ ക്രിസ്ത്യാനിയായി അംഗീകരിക്കുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. ആരും അംഗീകരിച്ചില്ലെങ്കിലും ഒരു ചുക്കുമില്ല.

ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന ചാരിറ്റബിൾ സൊസൈറ്റിയിൽ 20ൽ താഴെ അംഗങ്ങളേയുള്ളൂ. ശാരോനിലെ അംഗങ്ങളെന്നു പറയപ്പെടുന്ന വിശ്വാസികളോ പാസ്റ്റർമാരോ യഥാർത്ഥത്തിൽ ശാരോൻ ഫെലോഷിപ്പിലെ അംഗങ്ങളല്ല. ഞാൻ മൂന്നു പതിറ്റാണ്ടു മുൻപ് കൊച്ചറയിലെ ശാരോൻ സഭയിൽ അംഗമായി. ഇപ്പോൾ പെരുമ്പാവൂർ ശാരോൻ സഭയിലാണ് അംഗത്വം. മറ്റു വിശ്വാസികളേപ്പോലെ എനിക്കും ശാരോന്റെ പ്രാദേശിക സഭയിൽ മാത്രമേ അംഗത്വമുള്ളൂ.

പെരുമ്പാവൂരിലുള്ള ശാരോൻ സഭയിൽ ഞാൻ അംഗമാണെങ്കിലും ഈ സഭ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയുടെ ബ്രാഞ്ചല്ല എന്ന് ശാരോന്റെ നേതാക്കൻമാർ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ എഴുതി കൊടുത്തിട്ടുണ്ട്. ചുരുക്കത്തിൽ ഞാൻ ഒരിക്കലും ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിൽ അംഗമായിരുന്നിട്ടില്ല, ഇപ്പോഴും അംഗമല്ല. അതുകൊണ്ട് ആർക്കും എന്നെ ആ സൊസൈറ്റിയിൽ നിന്നു പുറത്താക്കാനുമാവില്ല. (അകത്തു കയറാത്തവനെ പുറത്താക്കുന്നതെങ്ങനെ?) ഞാൻ പെരുമ്പാവൂരിൽ താമസം ആരംഭിച്ചത് 2001ൽ ആണ്. അന്നു മുതൽ പെരുമ്പാവൂരിലുള്ള ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന പ്രാദേശിക സഭയിൽ അംഗമായി തുടരുന്നു. എന്നെ ആരും പുറത്താക്കിയിട്ടില്ല. സംശയമുള്ളവർ ഞങ്ങളുടെ പാസ്റ്ററോടു ചോദിക്കുക: Email: babupastor@yahoo.com.



ഇവൻ താൻ അവൻ

ആരാണ് ഈമെയിൽ അയച്ചത്? ഫിലിപ്പ് തോമസ് എന്നൊരു പേരും ഈമെയിൽ വിലാസവും മാത്രമാണ് ഹെഡറിലുള്ളത്. ഫിലിപ്പ് തോമസ് എന്ന പേര് വ്യാജമാകാൻ ഇടയുണ്ട്. സത്യമാണെങ്കിൽത്തന്നെ ഈ പേരുള്ള എത്രയോ ആളുകൾ ഈ ലോകത്തുണ്ട്. ഈമെയിൽ വ്യാജമല്ല എന്നുറപ്പിക്കയാണ് ആദ്യം വേണ്ടത്. അതുകൊണ്ട് ഈ കത്തിന് ഒരു മറുപടി അയച്ചു. ഇത് നിങ്ങൾ തന്നെ അയച്ചതാണോ എന്നു വ്യക്തമാക്കണം എന്നാവശ്യപ്പെട്ടാണു മെയിൽ അയച്ചത്. പക്ഷേ മറുപടി കിട്ടിയില്ല. ഉടൻ മറുപടി തരണം എന്നാവശ്യപ്പെട്ട് വീണ്ടും ഈമെയിൽ അയച്ചു. ഇത്തവണ മറുപടി കിട്ടി. ഫിലിപ്പ് തോമസ് തന്നെയാണ് ഈമെയിൽ അയച്ചത്. ഇയാൾക്ക് ഇഷ്ടമുള്ള ഒരാളേക്കുറിച്ച് ഞാൻ മോശമായി എഴുതിയതിനുള്ള പ്രതികാരം എന്ന നിലക്കാണ് എന്നെ തന്തക്കു പിറക്കാത്തവൻ എന്നു വിളിച്ചത്.

ആരാണ് ഈ ഫിലിപ്പ് തോമസ് എന്നറിയാൻ ഞാൻ ഒരു ഗവേഷണം നടത്തി. അങ്ങനെ ലഭിച്ച വിവരങ്ങൾ വച്ചാണ് കഴിഞ്ഞ ലക്കം ഡിഫെൻഡറിൽ ഇയാളേക്കുറിച്ചു കൂടുതൽ വിവരങ്ങൾ ചോദിച്ചു കുറിപ്പു പ്രസിദ്ധീകരിച്ചത്. യോങ്കേഴ്സ് ചർച്ച് ഓഫ് ഗോഡിൽ നടന്ന ഒരു മീറ്റിംഗിന്റെ നോട്ടീസിൽ ഇയാളെ സെക്രട്ടറിയായി പരിചയപ്പെടുത്തിയിരുന്നതു കണ്ടാണ് ഇയാൾ ആ സഭയുടെ സെക്രട്ടറിയാണെന്ന് എഴുതിയത്. പക്ഷേ ഇയാൾ ആ മീറ്റിംഗിന്റെ മാത്രം സെക്രട്ടറിയായിരുന്നു. കുറിപ്പിലുള്ള മറ്റു വിവരങ്ങൾ ശരിയാണ്.

ന്യൂയോർക്കിൽ ദീർഘകാലം ചർച്ച് ഓഫ് ഗോഡിന്റെ പാസ്റ്ററായിരുന്ന പി.തോമസിന്റെ മകനാണ് ഫിലിപ്പ് തോമസ്. ഇപ്പോൾ ന്യൂയോർക്കിലെ എബനേസർ ഫുൾ ഗോസ്പൽ ചർച്ച് ഓഫ് ഗോഡിന്റെ യൂത്ത് പാസ്റ്ററായി പ്രവർത്തിക്കുന്നു. കുര്യൻ ജോർജാണ് പ്രധാന പാസ്റ്റർ.

ഒരു എം.ഡിവും കൗൺസിലിംഗിൽ ബിരുദവുമാണ് ഫിലിപ്പ് തോമസിന്റെ വിദ്യാഭ്യാസ യോഗ്യത. വിലാസം: Philip Thomas, 1616 Estelle Avenue, Elmont, NY 11003. ഫോൺ: (516) 437-5846. Hospice Care Network എന്ന സ്ഥാപനത്തിൽ ജോലിയുണ്ടായിരുന്നു. ഇപ്പോൾ ഉണ്ടോ എന്നറിഞ്ഞുകൂടാ.

പാസ്റ്റർ പി.തോമസ് മാന്യനാണ്. പക്ഷേ പുത്രനായ ഫിലിപ്പ് തോമസിന് പിതാവിന്റെ നല്ല ഗുണങ്ങളൊന്നും കിട്ടിയിട്ടില്ല. പിതാവു ശുശ്രൂഷിച്ചിരുന്ന സഭയിൽ ശുശ്രൂഷകനാകാൻ ഇയാൾക്കു കഴിയാതെ പോയതും ഈ കാരണത്താലത്രേ. ഏതായാലും എബനേസർ ചർച്ച് ഇയാളെ യൂത്ത് പാസ്റ്ററാക്കാനുള്ള ദയ കാണിച്ചു.

എന്തിനാണ് ഇയാൾ എന്നെ തന്തയില്ലാത്തവൻ എന്നു വിളിച്ചത്. കുറെ അന്വേഷണം നടത്തിയപ്പോൾ അതും വ്യക്തമായി. സുരേഷ് ബാബുവിന്റെ യോഗത്തിൽ ഒരു സ്ത്രീ വീണു മരിച്ച സംഭവം ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ഇതാണ് പ്രകോപനത്തിനു കാരണം. ഈ വിഷയത്തിൽ ഫിലിപ്പ് തോമസ് എന്തിനു പ്രകോപിതനായി? സംഭവം നടന്നത് മറ്റൊരു സഭയിലാണ്. ഫിലിപ്പ് തോമസിന്റെ അയൽക്കാരിയായിരുന്നു ഓർത്തഡോക്സ് വിശ്വാസിയായ ആ സ്ത്രീ എന്നതു മാത്രമാണ് ഇവർ തമ്മിലുള്ള ബന്ധം. മരിച്ച സ്ത്രീയുടെ ഫോട്ടോ ഉൾപ്പെടെ എല്ലാ വിവരങ്ങളും കൈവശമുണ്ടായിട്ടും അവരുടെ പേരുപോലും ഡിഫെൻഡർ എഴുതിയുമില്ല. പിന്നെ എന്തിനാണു ഫിലിപ്പ് തോമസ് കോപിച്ചത്? ആ ചോദ്യത്തിനു മറുപടിയില്ല. വിനാശകാലേ വിപരീത ബുദ്ധി എന്നല്ലാതെ എന്തു പറയാൻ. അങ്ങനെ ഫിലിപ്പ് തോമസ് വെറുതെ ബാലന്റെ തന്തക്കു വിളിച്ചു പുലിവാലു പിടിച്ചു.

ഇപ്പോൾ പന്ത് എബനേസർ സഭയുടെ കോർട്ടിലാണ്. അവരുടെ യൂത്ത് പാസ്റ്റർ റ്റി.എസ്. ബാലനെ ‘തന്തക്കു പിറക്കാത്തവൻ’ എന്നു വിളിച്ചിരിക്കുന്നു. ഈ വിഷയത്തിൽ സഭക്കും പാസ്റ്റർ കുര്യൻ ജോർജിനും എന്താണു പറയാനുള്ളത്?


## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.
വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.
പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**


Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan